


MIND BUZZ
THINK
OUT OF
THE BOX
little
KITEs
ST MARY'S GHS KURAVILANGAD


ST. MARY'S G.H.S
KURAVILANGAD

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

ബിനി റോസ് സെബാസ്റ്റ്യൻ

## സബ് എഡിറ്റർസ്

നന്ദന സുന്ദരേശ്
ഇന്ദുബാല ആർ
ആൻ മരിയ മീരേഷ്

## എഡിറ്റേഴ്സ്

മെൽബി സന്ദീവ്
രേവതി എസ്
ഗായത്രി എം.എസ്
ജയ്മോൾ ജോബി
ആൻ ജൂഡ് ജോർജ്
അനുമോൾ ജോർജ്
പ്രാർത്ഥന ഷാജി
റിതു നന്ദ റെജി
മരിയ ജിന്നി
സെലിസ്റ്റീന ജോബി

നമിത റെജി
ലിസ്മി മരിയ സന്തോഷ്
ആദിത്യ സന്തോഷ്
റോസ് മരിയ
അനൂപാ കെ സാബു
എയ്ഞ്ചൽ ബിജു
ഐശ്വര്യ അഭിലാഷ്

## കവർ പേജ് ഡിസൈനിംഗ്

റോസ് മരിയ ജെയിംസ്
ബ്ലെസ്സ വർഗീസ്
സിയാ അന്ന സാം

## പേജ് ലേഔട്ട്

അബിയ തോമസ്
നിയ ജോൺസൻ
അർച്ചന വി.എസ്
രചന രാജു

## കൈറ്റ് മിസ്ട്രസ്സ്

ശ്രീമതി ജൂബി ആൻസ് ബാബു
ശ്രീമതി ട്രീസ പി ജോൺ

# എഡിറ്റോറിയൽ

പുസ്തകവായനയിൽനിന്നും e-reading ലേക്ക് ചുവടുവെച്ച ആധുനിക തലമുറയ്ക്ക് പുതിയ വായനാനുഭവം നൽകാനായി കുറവിലങ്ങാട് സെന്റ് മേരീസ് ജി.എച്ച്. എസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ തങ്ങളുടെ കലാ സാഹിത്യരചനകളെ “MIND BUZZ” എന്ന ഡിജിറ്റൽ മാഗസിനിലൂടെ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നു. ഞങ്ങളുടെ കലാ - സാഹിത്യ സൃഷ്ടികളെ അടുക്കും ചിട്ടയുമായി അവതരിപ്പിക്കാൻ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടായി. ഞങ്ങൾക്ക് പ്രചോദനമായി കൂടെനിന്ന ഞങ്ങളുടെ ഹെഡ്മിസ്ട്രസ് സി. ബെൻസി റോസിനും ഞങ്ങളുടെ പ്രിയപ്പെട്ട അധ്യാപകർ ശ്രീമതി ജൂബി ആൻസ് ബാബു , ശ്രീമതി ട്രീസ ജോൺ എന്നിവർക്കും നന്ദി. ഞങ്ങളുടെ ഈ എളിയ ഉദ്യമത്തെ നിങ്ങളുടെ വായനയ്ക്കായി സമർപ്പിക്കുന്നു.

ബിനി റോസ് സെബാസ്റ്റ്യൻ
ചീഫ് എഡിറ്റർ

# ആശംസ



വിദ്യാർഥികളിൽ സാങ്കേതിക പരിജ്ഞാനം അനുദിനം വികസിച്ചു വരേണ്ടത് അത്യാവശ്യമാണ്."എല്ലാം വിരൽത്തുമ്പിൽ " എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. ഇതിലേക്ക് പുതുതലമുറയെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്.അനിമേഷൻ, പ്രോഗ്രാമിംഗ്, മൊബൈൽ ആപ് നിർമാണം, ഗ്രാഫിക്സ് ഡിസൈനിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്വെയർ, ഇലക്ട്രോണിക്സ്, ഐ.ഒ.ടി, റോബോട്ടിക്സ്,

സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം ലിറ്റിൽ കൈറ്റ്സ് വഴി വിദ്യാർഥികൾക്ക് നൽകി വരുന്നുണ്ട്.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളിലെ കലാ സാഹിത്യ വാസനകളെ പരിപോഷിപ്പിക്കുന്നതോടൊപ്പം അവയെ ഒരു ഡിജിറ്റൽ രൂപത്തിൽ പൊതുസമൂഹത്തിന്റെ മുൻപിൽ എത്തിക്കാൻ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ് അംഗങ്ങൾ തയാറാക്കിയിരിക്കുന്ന "MIND BUZZ" ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ
**സി. ബെൻസി റോസ്**

# ദളങ്ങൾ


- സൗഹൃദം........................................................................13
- ബാല്യത്തിന്റെ കയ്പ്പുനീർ.................................14
- The Enchanting Night..............................................18
- Drawing..........................................................................20
- ബാപ്പു..........................................................................21
- Hope..............................................................................22
- കളത്തൂരിന്റെ ചരിത്രത്തിലൂടെ..........................23
- All my love is gone.....................................................31
- കോവിഡ് കാലത്തെ ആശുപത്രി............................32
- സ്നേഹദീപം...................................................................33
- പ്രകൃതിയുടെ മുത്തുമണികൾ...............................35
- Education......................................................................37
- അനാഥമായ വാർദ്ധക്യം........................................38
- Humans without a heart..............................................42
- കളിവള്ളങ്ങൾ.............................................................43
- Nature...........................................................................45
- കോവിഡ് എന്ന മഹാമാരി.....................................46
- Mother..........................................................................48
- ഉദ്ദരണി നിഘണ്ടു........................................................49

- ആൻഫ്രാങ്കിന്റെ ഡയറികുറിപ്പുകൾ.................52
- Cartoon Drawings.......................................................53
- Cold night.................................................................54
- പ്രകൃതി സംരക്ഷണം...............................................55
- ഭാരതത്തിലെ മുത്തശ്ശികഥകൾ.............................56
- അമ്മ.....................................................................58
- കൊറോണ ക്വിസ്........................................................59
- Drawings....................................................................60
- ഈസോപ്പു കഥകൾ.................................................61
- ബാലവേല..........................................................63
- അസ്തമയസൂര്യൻ.................................................64
- Drawings....................................................................65
- വില്ലനായി കോവിഡ് 19.........................................66
- Slogans.....................................................................69
- മൊബൈൽ ഫോണിന്റെ ചതിക്കുഴികൾ........70
- പുഞ്ചിരി...........................................................73
- പ്ലാസ്റ്റിക് രഹിത ഭാവി.........................................74
- Drawing......................................................................77
- ഒരു നിമിഷത്തേക്കായി മാത്രം.............................78
- പരിസ്ഥിതി മലിനീകരണവും പ്രതിവിധിയും81
- ചെറുവിത്തിൻ മഹാമോഹം.................................83

- നന്മയുടെ പ്രകാശം..........................................................85
- ജീവിതവും വിജയവും.......................................................87
- ജീവിതം.................................................................................89
- മയക്കുമരുന്നും മൊബൈൽ ഫോൺ ഉപയോഗവും കുട്ടികളിൽ.....................................90
- ഒരു കുടയും കുഞ്ഞിപ്പെങ്ങളും............................................93
- Travel.....................................................................................95
- Pencil drawings....................................................................96
- സൗഹൃദം.................................................................................97
- ശരിയായ തീരുമാനം..............................................................98
- അനുഭവക്കുറിപ്പ്..................................................................100
- പരിശ്രമിച്ചാൽ വിജയം ഉറപ്പ്..............................................101
- വേദന.....................................................................................103
- Drawings..............................................................................104
- തീരം തേടി............................................................................105
- നിറത്തിങ്കൾ.........................................................................108
- Drawings..............................................................................109
- കമലയുടെ ഗ്രാമം..................................................................110

# സൗഹൃദം



കൂടെപിറപ്പിനെപ്പോലെ കണ്ട്
സ്നേഹം നൽകി
എന്നുള്ളിലിടം പിടിച്ചവരാണെന്നും
എൻ സുഹൃത്തുക്കൾ.
സ്കൂളിലേയ്ക്കെത്തും നേരം
എന്നടുക്കൽ ഓടിയെത്തുന്ന
അവരെന്നുള്ളിൽ എന്നും
സന്തോഷം പകർന്നിരുന്നു.




പരസ്പരം സന്തോഷവും
സങ്കടവും പകർന്ന്
കളി തമാശകൾ മാത്രമായി
എന്നും സൗഹൃദങ്ങൾ
നിലനിന്നിടുമ്പോൾ
മറക്കാനാവില്ല ഒരിക്കലും
എനിക്ക് എൻ
സുഹൃത്തുക്കളെ.

ഉച്ചയൂണിന്റെ സമയത്തെ
കലപിലയും പങ്കു വയ്ക്കലും
എന്നും സ്കൂൾ ചുമരുകൾക്കുള്ളിൽ
തീ പോലെ തെളിഞ്ഞു നിന്നിരുന്നു.
എല്ലാ പൊട്ടത്തരങ്ങൾക്കും
കൂടെ നിന്ന് ചിരിച്ച്, രസിച്ച്, കളിച്ച്
നടന്ന സൗഹൃദ നിമിഷങ്ങൾ
ജ്വലിക്കുന്നു എന്നും എപ്പോഴും ........

നിയ ജോബിൻ
IX B

# ബാല്യത്തിന്റെ കയ്പ്പുനീർ




ജെസ്സിമോൾ രാവിലെ തന്നെ മുറ്റം അടിക്കാൻ ചൂലുമായി വാതിക്കൽ വന്നു .മുറ്റം നിറയെ അപ്പച്ചൻ എറിഞ്ഞു ഉടച്ച പാത്രങ്ങളും , വാരി എറിഞ്ഞ തുണികളും ആയിരുന്നു . എല്ലാം തലേന്ന് അപ്പച്ചൻ കള്ള് കുടിച് വന്ന് ചെയ്തത് ആയിരുന്നു . ഞാൻ നേരത്തേ ഉറങ്ങിപോയിരുന്നു . ഒന്നും കഴിക്കാൻ ഇല്ലായിരുന്നു .അതുകൊണ്ട് ഞാൻ നേരത്തേ കിടന്നു. നല്ല ഉറക്കത്തിൽ അമ്മച്ചിയുടെ അലറിയുള്ള കരച്ചിൽ കേട്ടാണ് കണ്ണ് തുറന്നത്. അപ്പോൾ കണ്ട കാഴ്ച അമ്മച്ചിയെ അപ്പച്ചൻ മുടിക്ക് കുത്തി പിടിച്ചു വലിച്ചു പുറത്തേക്ക് ഇടുന്നതാണ് . ഞാൻ ഓടി ചെന്ന് അപ്പച്ചന്റെ കാലിൽ പിടിച്ചു കരഞ്ഞു . അപ്പോൾ അപ്പച്ചൻ എന്നെ തൂക്കി എടുത്ത് ദൂരെയ്ക്ക് എറിഞ്ഞു . ഞാൻ വാവിട്ട് കരഞ്ഞു . കുറെ ആളുകൾ ഓടി വന്ന്  തടഞ്ഞു . ആ നേരത്ത് അമ്മച്ചി എന്നെയും എടുത്തോണ്ട് എന്റെ കൂട്ടുകാരി ക്രീസ്റ്റിന ജോസിന്റെ വീട്ടിലേക്ക് ഓടി  .അവിടെ ചെന്ന് വാതിലിൽ മുട്ടി വിളിച്ചു ക്രീസ്റ്റിനയുടെ മമ്മി ട്രീസ ആന്റി വാതിൽ തുറന്നു. അമ്മച്ചിയുടെ സങ്കടം അറിഞ്ഞു അവരുടെ അടുക്കളയോട് ചേർന്ന് ഒരു ചെറിയ മുറി ഉണ്ട് . അത്യാവശ്യം ഒന്ന് കിടക്കാൻ മാത്രം അവിടെ സൗകര്യം  ഉണ്ടയിരുന്നു . എന്റെ അമ്മച്ചി അവിടുത്തെ വീട്ടുജോലികൾ ചെയ്ത് കൊടുക്കും .അമ്മച്ചിക്ക് അവർ ശമ്പളം കൊടുക്കും. ക്രിസ്റ്റിന എന്റെ കൂട്ടുകാരിയാണ് .ഞങ്ങൾ ഒരേ ക്ലാസ്സിലാണ് പഠിക്കുന്നത് . അവളുടെ അച്ഛൻ തഹസീൽദാർ ആണ് .അമ്മ പഞ്ചായത്തിലെ ക്ലാർക്ക് ആണ് . ക്രിസ്റ്റീനക്ക് ഒരു ചേട്ടൻ കൂടി ഉണ്ട് . ക്രിസ്റ്റഫർ .അങ്ങ് ബാംഗ്ലൂർ ആണ് പഠിക്കുന്നത് .ബി . ടെക്. ക്രിസ്റ്റീനയ്ക്ക് എന്നെ വലിയ ഇഷ്ടം ആണ് . എനിക്കു ക്രിസ്റ്റീനയുടെ പഴയ ഉടുപ്പുകൾ , കളിപ്പാട്ടങ്ങൾ ഒക്കെ തരും .എന്നാലും അവൾക്ക് വലിയ

കാശുള്ള വീട്ടിലെ കുട്ടികളുമായി നല്ല കൂട്ടാണ് . എന്നോടും വലിയ സ്നേഹം ആണ്. ഞാൻ കരയുമ്പോൾ ഒക്കെ എന്നെ സമാധാനിപ്പിക്കും . അവൾക്ക് കിട്ടുന്ന നല്ല ഭക്ഷണത്തിന്റെ ഒരു വിഹിതം എനിക്കു തരും . ഞാൻ അത് വാങ്ങിയിട്ട് എന്റെ അമ്മച്ചിക്ക് കൊണ്ടുപോയി കൊടുക്കും . പാവം എന്റെ അമ്മച്ചി സുഖമില്ലാത്ത ഒരാളാണ് .ഹൃദയസബന്ധമായ അസുഖമാണ്. അമ്മച്ചിക്ക് ഒത്തിരി കഠിനമായ ജോലികൾ ഒന്നുംചെയ്യാൻ പാടില്ല . ഞാനും എന്റെ അമ്മച്ചിയും ക്രിസ്റ്റീനയുടെ വീട്ടുകാരുടെ സഹായത്താൽ ആണ് കഴിയുന്നത് . എന്റെ അപ്പച്ചൻ വർഗീസ് മാർക്കറ്റിലെ ചുമ്മട്ട് തൊഴിലാളി ആണ്. ജോലി ചെയ്ത് കിട്ടുന്ന കാശിന് കഞ്ചാവും , മദ്യവും വാങ്ങി കഴിച്ചിട്ട് എന്നെയും അമ്മച്ചിയേയും വന്ന് തല്ലും. വീട്ടിൽ ചിലവിന് ഒന്നും തരില്ല . ഞാൻ സ്കൂളിൽ പോകുമ്പോൾ രാവിലെ ക്രിസ്റ്റീനയുടെ മമ്മി ട്രീസ ആന്റി എനിക്കു ഭക്ഷണം തരും .ഉച്ചക്ക് സ്കൂളിൽ നിന്ന് കഞ്ഞി കുടിക്കും . രാത്രി എന്റെ അമ്മച്ചി എനിക്കു ഇഷ്ടം ഉള്ള ഭക്ഷണം ഉണ്ടാക്കി തന്ന് നേരത്തേ ഉറക്കും. കാരണം അപ്പച്ചൻ രാത്രിയിൽ വരുമ്പോൾ പിന്നീട് ഞാൻ ഉറങ്ങാറില്ല . അമ്മച്ചിയെ തല്ലുന്നത് കണ്ട് കരഞ്ഞ് പേടിച്ചു ഇരിക്കും . അമ്മച്ചിയെ ഇറുക്കെ പിടിച്ചു പേടിച്ചു ഞാൻ കരഞ്ഞു പറഞ്ഞു .

'അമ്മച്ചി നമുക്ക് എവിടെയെങ്കിലും പോകാം അപ്പച്ചൻ വരാത്ത ഒരു സ്ഥലം '!

അമ്മച്ചി എന്നെ കെട്ടിപിടിച്ച് ഉമ്മ വെച്ചിട്ട് പറഞ്ഞു അങ്ങനെ ഒരു സ്ഥലം ഇല്ല മോളെ . നമുക്ക് ആരും ഇല്ല . മോളുമായി എനിക്കു പോകാൻ ഒരു ഇടം ഇല്ല . നമ്മളെ ദൈവം കാത്തുകൊള്ളും . എന്റെ മോൾക്ക് മാതാവ് ഉണ്ടാകും അമ്മച്ചിക്ക് എന്ത് സംഭവിച്ചാലും .

ജെസ്സിമോൾ എല്ലാം വൃത്തിയായിട്ട് അടുക്കി പെറുക്കി വെച്ചു . അമ്മച്ചിയെ ഒത്തിരി നോക്കി പക്ഷേ കണ്ടില്ല . പിന്നെ വിളിച്ചു ചെന്ന് നോക്കുമ്പോൾ അടുക്കളയിൽ കയ്യും കാലും ചൂട് പിടിക്കുന്നു . ഇന്നലെ അപ്പച്ചൻ തല്ലിയ പാടുകൾ എല്ലാം ദേഹത്ത് കാണാം. കാൽ പൊട്ടി രക്തവും വന്നിട്ടുണ്ട് .




അമ്മച്ചി കരയുന്നുണ്ടായീരുന്നു . അമ്മച്ചി ആകെ അവശ ആയിരുന്നു .പിറ്റേദിവസം ക്രിസ്മസ്

ആയിരുന്നു . അമ്മച്ചി ഉടൻ തന്നെ വസ്ത്രം മാറി എന്റെ കയ്യും പിടിച്ചു ക്രിസ്റ്റീനയുടെ വീട്ടിലേക്ക് പോയി . അവിടെ ഒത്തിരി ജോലികൾ ഉണ്ടായിരുന്നു . അമ്മച്ചി ജോലിയിൽ ഏർപ്പെട്ടു . വീടിന്റെ ഇളം തിണ്ണയിൽ ഇരുന്ന എന്റെ അടുത്തേക്ക് ക്രിസ്റ്റിന ഓടി വന്നു. അവൾക്ക് വാങ്ങിയ പുത്തൻ ഉടുപ്പ്പ്ബ എന്നെ കാണിച്ചു .പിങ്ക് നിറത്തിലുള്ള നല്ല ഉടുപ്പ് , പിന്നെ കുറെ ബലൂൺ , കളിപ്പാട്ടങ്ങൾ . എല്ലാം കാണിച്ചു . ക്രിസ്റ്റീനയുടെ പപ്പായെ പുൽകൂട് ഉണ്ടാക്കാൻ ഞാനും ക്രിസ്റ്റീനയും ചെറുതായി സഹായിച്ചു . രാവിലെ ട്രീസ ആന്റി കള്ളപ്പവും , പോത്ത് കറിയും എനിക്കു തന്നു .ഞാനും അമ്മേച്ചിയും വയറു നിറയെ കഴിച്ചു .
എനിക്കു അറിയില്ല അമ്മച്ചി അപ്പോഴും കരയുന്നുണ്ടായിരുന്നു . അന്നത്തെ ദിവസം മുഴുവൻ സമയവും ക്രിസ്റ്റീനയുമായി കളിച്ചു നടന്നു . വൈകുന്നേരം അമ്മച്ചി പണി ഒക്കെ തീർത്തു നേരത്തേ പോന്നു . വീട്ടിൽ വന്ന് എന്നെ കുളിപ്പിച്ചു .നല്ല ഉടുപ്പ് ഇടീപിച്ച് അടുത്തുള്ള ടൗണിൽ ഞങ്ങൾ രണ്ടാളും കൂടിപ്പോയി . എനിക്കു പിങ്ക് നിറത്തിലുള്ള ഒരു ഉടുപ്പ് വാങ്ങി തന്നു , ബലൂൺ , കേക്ക് , മിട്ടായി ഒക്കെ വാങ്ങി തന്നു . ട്രീസ ആന്റി അമ്മച്ചിക്ക് കാശ് കൊടുത്തിരുന്നു . ആ കാശ് കൊണ്ടാണ് എനിക്കു എല്ലാം വാങ്ങിച്ച് തന്നത് . അമ്മച്ചിക്ക് ഒന്നും വാങ്ങിയില്ല . ഇന്ന് ഞാൻ ഒത്തിരി സന്തോഷിച്ചിരുന്നു . അമ്മച്ചി എനിക്കു വയറു നിറയെ ഭക്ഷണം വാരി തന്നു . എന്നെ താരാട്ടു പാടി നേരത്തേ ഉറക്കി. ക്രിസ്മസ് പ്രഭാതം ഞാൻ ഉണർന്നു .മുറ്റം നിറയെ ആളുകൾ. അപ്പച്ചന്റെ കയ്യിൽ പിടിച്ചു കുറെ പോലീസുകാർ ഞാൻ എന്റെ അമ്മച്ചിയെ വിളിച്ചു ഓടി നടന്നു . ആരൊക്കെയോ എന്നെ ചേർത്ത് പിടിച്ചു . എന്റെ അമ്മച്ചിയെ ഞാൻ എല്ലാരോടും തിരക്കി .ആരും എനിക്കു മറുപടി തന്നില്ല . എന്റെ പ്രിയകൂട്ടുകാരി ക്രിസ്റ്റീനയും പപ്പയും അവിടെയ്ക്ക് വന്നു .അവൾ എന്നെ ചേർത്ത് പിടിച്ചു തോളിൽ കയ്യിട്ട് കെട്ടിപിടിച് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി . എന്റെ കവിളിലൂടെ ഒഴുകുന്ന കണ്ണുനീർ തുടച്ച് അവൾ പറഞ്ഞു. ജെസ്സിമോളുടെ അമ്മച്ചിയെ ഇന്നലെ ക്രിസ്മസ് അപ്പുപ്പൻ വന്നപ്പോൾ സ്വർഗത്തിലേക്ക് കൂട്ടികൊണ്ട് പോയി .അവിടെ മോളുടെ അമ്മച്ചിയെ മോളുടെ അപ്പച്ചൻ തല്ലില്ല . ഇനി മുതൽ മോളുടെ അമ്മച്ചി സ്വർഗ്ഗത്തിലെ മാലാഖ ആണ് . ഇനി മുതൽ ജെസ്സിമോൾ


എന്റെ കൂടെ എന്റെ വീട്ടിൽ ആണ് താമസം .എനിക്കു ഒന്നും മനസിലാകാതെ പുറത്തേക്ക് നോക്കുമ്പോൾ അപ്പച്ചനെ ജീപ്പിൽ കേറ്റി പോലീസുകാർ കൊണ്ടുപോകുന്നു .

ഇന്ന് ഞാൻ ഒരു സോഷ്യൽ വർക്കർ ആണ് . അതേപോലെ അനേകം ആളുകളെ കൗൺസലിങ്ങ്  നടത്തി അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നു . അന്ന് എന്റെ കുഞ്ഞുമനസ്സിൽ ഒന്നും അറിയില്ലാരുന്നു . ക്രിസ്മസിന്റെ അന്ന് രാത്രിയിൽ അപ്പച്ചൻ എന്റെ അമ്മച്ചിയെ കഞ്ചാവിന്റെ ലഹരിയിൽ വെട്ടികൊന്നിരുന്നു . ജീവപര്യന്തം ശിക്ഷ കഴിഞ്ഞു . ഞാൻ നടത്തുന്ന അനാഥാലയത്തിൽ എന്നോടൊപ്പം ചെറിയ ജോലികൾ ചെയ്തു സഹായിച്ചു. ആരുമില്ലാത്തവർക്ക് തുണയായി ജീവിക്കുന്നു ഞാനും അപ്പച്ചനും . എന്റെ തീരാവേദനയായി എന്റെ അമ്മച്ചി .

നന്ദന സുന്ദരേഷ്

IX A

# The Enchanting Night



Oh, such a wonderful beauty
The darkest cloak with the brightest dots,
Lighting up the sky

You allure the passersby with your mesmerizing sight
And make them exclaim,
"Oh behold the God's glory
He've bestowed upon us
Such a splendid sight
The moon, the stars, the sky
Some valuable gifts man forgets to see"



Right, you're the ignored winsome relief
The others forgets to appreciate
Yet you shine so bright
Forwarding the light slowly to the earth
Trying your best to cheer everyone...

To the moon,
you dress up different each day
Just for engaging us in you.
And you give out a milky grin
Sometimes replaced by disappearance
For the humans don't care any of you

To the stars,
Glorious, sparkling, competitive little ones
That tries so hard to shine bright
From million miles away...
You hug the earth with your reassuring
warm little light on moonless nights.
And you try so hard to stretch your arms
up all the while

Also you keep on winking at us
in order to make us smile.

Finally to the night sky,
You maintain your pitch black stage so,
the stars and moon can shine bright.
You gently place everyone on the right place
To display such an alluring view.

We love you all of you...
The valuable gifts of God that,
Man ignore but I cherish...
You light up not just the world
but also my heart on some lone nights.
When I stare into this beauty
I feel all is calm and well
I will never get a friend like you
Of whom Ill never be tired of.
When I tell you
I love you to the moon and back
I mean it literally.

Rose Maria James
9C

# DRAWING






Malavika B
7 A

# ബാപ്പു



**വാ**യനയിലൂടെ അറിവ് നേടാൻ ആഗ്രഹിക്കുന്നവർ ഒഴിവാക്കാൻ പാടില്ലാത്ത ഒരു ഗ്രന്ഥമാണ് എഫ്.സി. ഫ്രീറ്റസിന്റെ "ബാപ്പു".ഭാരതത്തിന്റെ രാഷ്ട്രപിതാവായ



മഹാത്മാഗാന്ധിയുടെ ജീവിതം പറയുന്ന ഗ്രന്ഥമാണ് "ബാപ്പു ". രണ്ടു പതിപ്പായാണ് ഈ ഗ്രന്ഥം.1869 ഒക്ടോബർ രണ്ടാം തീയതി ഗുജറാത്തിലെ പോർബന്തറിൽ കരംചന്ദ് ഗാന്ധിയുടേയും പുത് ലി ബായിയുടെയും മകനായി ജനനം. അടിയുറച്ച് ഈശ്വരവിശ്വാസി ആയിരുന്ന അമ്മ പകർന്നു കൊടുത്ത നന്മ നിറഞ്ഞ അന്തരീക്ഷത്തിലാണ് അദ്ദേഹം വളർന്നുവന്നത്.

പതിമൂന്നാം വയസ്സിൽ കസ്തൂർബയെ വിവാഹം കഴിച്ചു. പതിനെട്ടാം വയസ്സിൽ നിയമപഠനത്തിനായി ഇംഗ്ലണ്ടിലേക്ക്. തുടർന്ന് വക്കീൽ ജോലിക്കായി ദക്ഷിണാഫ്രിക്കയിലേക്ക് കപ്പൽ കയറി. വെള്ളക്കാരിൽ നിന്നും പീഡനം അനുഭവിക്കുന്ന കറുത്തവർക്കു വേണ്ടി വർഷങ്ങളോളം വക്കീൽ പണി മറന്നു പ്രവർത്തിച്ചു. തുടർന്ന് ജന്മനാടിനെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുക തന്റെ കടമയാണ് എന്ന് മനസ്സിലാക്കി ഗാന്ധിജി ഇന്ത്യയിലേക്ക് മടങ്ങി. സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം ക്രമേണ ഏറ്റെടുത്ത് അദ്ദേഹം 1947 ൽ ഭാരതത്തിന് സ്വാതന്ത്ര്യം സമ്മാനിച്ചു. 1948 ജനുവരി 30-ആം തീയതി ഗാന്ധിജി ഈ ലോകത്ത് നിന്നും യാത്രയായി. ഭാരതത്തിനു വേണ്ടി ജീവൻ ഉഴിഞ്ഞുവെച്ച മഹാത്മാവിനെ നെഞ്ചിലേക്ക് വെടിയുണ്ട ഉതിർത്തു കൊണ്ടാണ് അദ്ദേഹത്തിനുള്ള നന്ദി നാം പ്രകടിപ്പിച്ചത്.

ഗാന്ധിജിയുടെ ജീവിതം ഇതുപോലെ വളരെ ലളിതമായ പദപ്രയോഗങ്ങളും സുന്ദരമായ ആഖ്യാനശൈലിയും കൊണ്ട് എഫ് സി ഫ്രീറ്റസ് ഏറെ ഹൃദയഹാരി ആകുന്നു.

Bini Rose Sebastian
9 B

# Hope



Hope is the last

Thing ever lost

Hope in dreams

Hope lies in imagination

Hope is the best medicine of all

Hope is the only thing stronger than fear

Start every day

With a new hope

Never stop believing in hope




Melby Sandheev
IX C

# കളത്തൂരിന്റെ ചരിത്രത്തിലൂടെ



കോട്ടയം ജില്ലയിലെ ചരിത്ര പ്രസിദ്ധമായ കുറവിലങ്ങാട് ഫൊറോന പള്ളിയിൽ നിന്നും നാലു കിലോമീറ്റർ തെക്കു മാറി സ്ഥിതി ചെയ്യുന്ന ഗ്രാമീണ ഭംഗിയുടെ വിളനിലമാണ് കളത്തൂർ ഗ്രാമം. കൃഷി പ്രധാന ജീവിത മാർഗമായി സ്വീകരിച്ച അനവധി കുടുംബങ്ങൾ ഒരേ മനസ്സോടെ സ്നേഹത്തിലും സൗഹൃദത്തിലും സഹവസിക്കുന്ന പ്രദേശം എന്നത് കളത്തൂരിന്റെ എടുത്തു പറയത്തക്ക ഒരു പ്രത്യേകതയാണ്. ഇരുവശങ്ങളും പാടങ്ങളും മരങ്ങളും നിറഞ്ഞു നിൽക്കുന്ന വഴികൾ കളത്തൂർ ഗ്രാമത്തോടുള്ള പ്രീതി ഏവരിലും ഉണർത്തുന്നു. കാർഷിക-സംസ്കാരിക മേഖലകളിൽ ഏറെ ഉയർന്നു നിൽക്കുന്ന കളത്തൂർ ഗ്രാമം കൃഷിയെ മുഖമുദ്രയായി സ്വീകരിച്ചിരുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയത്തിലുള്ള ദൈവാലയവും, പള്ളിക്കൂടവും, കുരിശു പള്ളികളും , അരുവിക്കൽ മഹാദേവ ക്ഷേത്രവുമെല്ലാം എന്നും നാടിന് പ്രിയങ്കരമായിരുന്നു. പുരോഗതിയുടെ പടിത്തട്ടിൽ ഉയർന്നു നിൽക്കുന്ന കളത്തൂർ ഗ്രാമത്തിന്റെ മടിത്തട്ടിലേക്ക് ലക്ഷകണക്കിന് ജനതകൾ എത്തിച്ചേർന്നിരുന്നു. ഇവിടെ പഠിച്ച് വളർന്നു വന്ന നിരവധി പേർ പ്രശസ്ത വ്യക്തികളായി മാറിയെന്നതും കളത്തൂരിന്റെ അഭിമാനമാണ്. പ്രകൃതിവിസ്മയത്തിന്റെ കലവറ കൂടിയാണ് കളത്തൂർ.

ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും പരസ്പര സഹായത്തിലൂടെ നാടിന്റെ വികസനത്തിനായി പരിശ്രമിച്ചവരാണ് ഇവിടുത്തെ നാട്ടുകാർ. ഒത്തൊരുമയിലൂടെ ജീവിതവിജയം സാധ്യമാക്കാനാവും എന്ന ജീവിതപാഠവും കളത്തൂർ ഗ്രാമത്തിന്റെ ചരിത്രത്തിലൂടെ നമുക്ക് മനസ്സിലാക്കാനാവും. ഇങ്ങനെ കർഷകരുടെ പുണ്യഭൂമിയായ കളത്തൂർ പ്രദേശത്തിന്റെ ചരിത്ര വഴിയിലൂടെ നമുക്ക് ഒരു എത്തി നോട്ടം നടത്താം.....

# വളർച്ചയുടെ പാതയിൽ

ഏറെക്കാലത്തിനു ശേഷം കളത്തൂരിൽ എത്തിച്ചേരുന്നവർ ഈ നാടിന്റെ വളർച്ച കണ്ട് വിസ്മയം പ്രകടിപ്പിക്കാറുണ്ട്. പള്ളി കേന്ദ്രീകരിച്ചാണ് മുഖ്യമായും വികസന പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. ഇന്നത്തെ കളത്തൂരിനെ കളത്തൂർ ആക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചത് 1935 ൽ കളത്തൂർ വികാരിയായി വന്ന ജോസഫ് ഓണം കുളത്തിലച്ചനാണ്. കളത്തൂരിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു അത്. ഒരു പ്രദേശത്തിന്റെ അടിസ്ഥാന പുരോഗതിക്കാധാരം സഞ്ചാര യോഗ്യമായ വഴികളാണെന്ന് തിരിച്ചറിഞ്ഞ അച്ചൻ നാട്ടുകാരെ സംഘടിപ്പിച്ച് നിരവധി പ്രതിസന്ധികളെ അതിജീവിച്ച് കളത്തൂരിന്റെ നാനാഭാഗത്തേക്കും റോഡുകൾ വെട്ടി വാഹനസഞ്ചാരയോഗ്യമാക്കി.

അതോടെ കളത്തൂരിന്റെ വെളിച്ചം പുറംലോകമറിഞ്ഞു. ഇന്ന് കളത്തൂരിന്റെ വിരിമാറിലൂടെ കടന്നുപോകുന്ന ബസ് സർവ്വീസുള്ള പ്രധാന റോഡുകളായ കാണക്കാരി തോട്ടുവാ റോഡും, വെമ്പള്ളി - കോതനല്ലൂർ റോഡും മറ്റനേകം വഴികളും ഈ പ്രദേശത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവയിരുന്നു.

അച്ചന്റെ കാലത്ത് മറ്റു പല വികസന പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. തൊഴിൽ രഹിതരായ യുവാക്കൾക്കും കുട്ടിക ൾക്കുമായി ഗവൺമെന്റ് അംഗീകാരത്തോടെ 10 കൈത്തറികളോടു കൂടിയ ഒരു കൈത്തറി നെയ്ത്തുശാല ആരംഭിച്ചു. ഇത് അനേകം പേർക്ക് ജീവിതമാർഗമായി അന്ന് മാറുകയുണ്ടായി.

## ആരാധനാലയങ്ങൾ

### കളത്തൂർ സെന്റ് മേരീസ് ദൈവാലയം



മാർത്തോമ്മാ ശ്ലീഹായുടെ കാലത്തിനു ശേഷം അർക്കദിയോക്കാന്മാരുടെ നേതൃത്വത്തിൽ കള്ളി, കാളികാവ്, ശങ്കരപുരി, പകലോമറ്റം എന്നീ നാല് കുടുംബങ്ങൾ കുറവിലങ്ങാ ടിനു സമീപം പകലോമറ്റത്ത് താമസമുറപ്പിക്കുകയും പിന്നീട് അവരുടെ സന്തതി പാരമ്പരകളിൽ പലരും കേരളത്തിന്റെ പല ഭാഗങ്ങളിലേയ്ക്കും സമീപപ്രദേശമായ കളത്തൂരിലേക്കും കുടിയേറി പാർക്കുകയും ചെയ്തു. ഒരു നൂറ്റാണ്ടു മുമ്പ് കളത്തൂർ ഗ്രാമം ആവശ്യത്തിന് വഴികളും വെളിച്ചവും പ്രാർത്ഥിക്കുവാനായി പള്ളിയും, പഠിക്കുന്നതിനായി പള്ളിക്കൂടവും ഒന്നുമില്ലാത്ത ഒരു പ്രദേശമായിരുന്നു. ഇവിടെ ക്രിസ്ത്യാനികളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിന് കുറവിലങ്ങാട് പള്ളിയിൽ പോകേണ്ടിയിരുന്നു.

അവിടേക്കുള്ള നാലുകിലോമീറ്റർ യാത്ര വളരെ ദുഷ്കരമായിരുന്നതിനാൽ കളത്തൂർ നിവാസികളും ആദ്ധ്യാത്മിക ആവശ്യങ്ങളുടെ നിർവ്വഹണത്തിന് കളത്തൂര് ഒരു ഇടവക പള്ളി ഉണ്ടാകുന്നതാണ് കൂടുതൽ സൗകര്യപ്രദമെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് കളത്തൂർ പള്ളിയുടെ നിർമ്മാണത്തെപ്പറ്റി തദ്ദേശവാസികൾ ആലോചിക്കേണ്ടി വന്നത്. ചരിത്ര പ്രധാനവും ദൈവമാതാവിന്റെ നാമധേയത്തിലുള്ളതുമായ കുറവിലങ്ങാട് പള്ളിയിൽ നിന്നും വേർവിരിയുന്നത് മാനസികമായി എല്ലാവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമായിരുന്നു. കുറവിലങ്ങാട്ടെ പരിശുദ്ധ അമ്മയുടെ അതേ നാമധേയം തന്നെ കളത്തൂരെ പുതിയ ദൈവാലയത്തിനും നൽകിയതിന്റെ പിന്നിലെ വികാരവും പരിശുദ്ധ കന്യകാമറിയത്തോടുള്ള മാതൃഭക്തിയാണ്. ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ ദൈവാലയം നാനാജാതി മതസ്ഥരായ അനേകായിരങ്ങൾക്ക് ആശ്രയവും അഭയവുമാണ്. ഭക്ത ജനങ്ങൾ പരിശുദ്ധ അമ്മയെ ഭക്തിയാദരവോടെ 'കളത്തൂർ മുത്തിയമ്മ' എന്നു വിളിച്ചു വരുന്നു. കളത്തൂർ മുത്തിയമ്മ വഴിയായി അസാധ്യമായ പല കാര്യങ്ങളും നടക്കുന്നതായി സാക്ഷ്യങ്ങൾ വ്യക്തമാക്കുന്നു.

## മരിയൻ ഗ്രോട്ടോ



1986 ൽ ബഹുമാനപ്പെട്ട വെട്ടുവഴിയിൽ എമ്മാനുവേൽ അച്ചൻ വികാരിയായിരുന്ന കാലത്ത് അച്ചന്റെ ആഗ്രഹമനുസരിച്ച് വെമ്പള്ളി - കോതനല്ലൂർ റോഡും, കാണക്കാരി - തോട്ടുവാ റോഡും കടന്നുപോകുന്ന ഭാഗത്ത് ഒരു പിഠത്തിന്മേൽ കുട ചൂടി നിൽക്കുന്ന മാതാവിന്റെ തിരുസ്വരൂപം സ്ഥാപിക്കുകയുണ്ടായി. ബഹു.അലക്സ് കോഴിക്കോട്ട് അച്ചൻ വികാരിയും വിൻസെന്റ് മുങ്ങമാക്കൽ അച്ചൻ അസ്സി. വികാരിയായും ഇരുന്ന കാലത്ത് അവരുടെ നേതൃത്വത്തിൽ മാതാവിന്റെ തിരുസ്വരൂപം സ്ഥിപിച്ചിരുന്നിടത്ത് പ്രകൃതിയാൽ രൂപപ്പെടുത്തിയെടുക്കപ്പെട്ട ഉരുളൻ കല്ലുകളാൽ അതിമനോഹരമായ ഒരു ഗ്രോട്ടോ പണി കഴിപ്പിക്കുകയും അതിന്റെ വെഞ്ചരിപ്പുകർമ്മം 2004 ൽ നടത്തുകയും ചെയ്തു. ഈ വഴി കടന്നു പോകുന്നവർ ഒരു നിമിഷം പരിശുദ്ധ മാതാവിനെ വണങ്ങി നേർച്ചയർപ്പിച്ചു പോകുന്നത് ഹൃദ്യമായ കാഴ്ചയാണ്.

## തമുക്കുനേർച്ച

കുറവിലങ്ങാട് വികാരിയായിരുന്ന ബഹു ധീരിയ്ക്കൽ മാണിയച്ചന്റെ കാലത്ത് 1877 ൽ കുറവിലങ്ങാട് ഇടവകക്കാരായ കളത്തൂർ നിവാസികൾ ഒരു പ്രത്യേക സാഹചര്യത്തിൽ അച്ചന്റെ നിർദ്ദേശപ്രകാരം കുറവിലങ്ങാട് മുത്തിയമ്മയുടെ തിരുസ്വരൂപം മുമ്പാകെ പ്രാർത്ഥിച്ച് ഏകമനസ്സോടെ തങ്ങളുടെ ആഗ്രഹ സഫലീകരണത്തിനായി ഓശാനനാളിൽ ഒരു നേർച്ച നടത്തുവാൻതീരുമാനിച്ചു. കളത്തൂർ നിവാസികൾ കുറവിലങ്ങാട് പള്ളിയിൽ ആരംഭിച്ച ഈ തമുക്കു നേർച്ച ഇപ്പോൾ കളത്തൂർ ഇടവകയിലും, കളത്തൂർ നിവാസികൾ വസിക്കുന്ന മറ്റിടവകകളിലും ഓശാന ഞായറാഴ്ചയിൽ ഭക്ത്യാദരവോടെ നടത്തിപ്പോരുന്നു. നേർച്ചയ്ക്കുവേണ്ടി ഓരോ ദമ്പതികളും 100 ചെറുപഴവും, മുന്നാഴി അരി വറുത്തു പൊടിച്ചതും, 5 തേങ്ങ ചുരണ്ടിയതും ആവശ്യത്തിന് ശർക്കരയും പള്ളിയിലേൽപ്പിക്കുന്നു. ഇതുപാകം ചെയ്ത് ബഹു. വൈദികൻ പ്രത്യേക പ്രാർത്ഥന നടത്തി ആശീർവദിച്ച് കുടുംബങ്ങൾക്ക് ഓഹരിയായും വ്യക്തികൾക്ക് നേർച്ചയായും നൽകുന്നു.

ഈ നേർച്ചയിൽ പങ്കു ചേരുവാൻ ജാതിമ ഭേദമന്യ അനേകമാളുകൾ ദൂരസ്ഥലങ്ങളിൽ നിന്നു പോലും എത്തിച്ചേരുന്നു. കുറവിലങ്ങാട് മുത്തിയമ്മയുടെ തിരുസന്നിധിയിൽ ആരംഭിച്ച ഈ നേർച്ചയ്ക്കുവേണ്ടി ആണ്ടുതോറും ഓശാന ദിവസം ആഘോഷമായ പാട്ട് കുർബാനയ്ക്കുള്ള തുക കുറവിലങ്ങാട് പള്ളിയിൽ ഏല്പിച്ചു പോരുന്നു.

## അരുവിക്കൽ മഹാദേവ ക്ഷേത്രം

തിരുനടയ്ക്കു മുമ്പിൽ ഗംഗയൊഴുകുന്ന ക്ഷേത്രം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ശ്രീ അരുവിക്കൽ ശ്രീ ശിവ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. പരമശിവനാണ് മുഖ്യ പ്രതിഷ്ഠ. ഈ ക്ഷേത്രത്തിന്റെ ഉൽപ്പത്തി യ്ക്ക് പിന്നിൽ ഒരു കഥയുണ്ട്. ഏറ്റുമാനൂർ മഹാദേവക്ഷേത്രവും പരിസരവും ലോമമഹർഷിയുടെ ക്ഷാമത്താൽ ദീർഘകാലം ആരാധന മുടങ്ങി കാടായി തീർന്നു. സന്ന്യാസ വര്യനായ ശ്രീ വില്ല്വമങ്കലത്തു സ്വാമിയാണ് തന്റെ ദേശസഞ്ചാരത്തിനിടെ ഏറ്റുമാനൂർ വരുകയും ശിവചൈതന്യം അനുഭവിച്ചറിഞ്ഞതിനാൽ ആരാധന പുന:രാരംഭിക്കുകയും ചെയ്തതായി ഐതിഹ്യങ്ങൾ പറയുന്നു.

ഏറ്റുമാനൂർ മഹാദേവ ക്ഷേത്രം വനമായി കിടന്ന കാലയളവിൽ ശിവ ആരാധനയ്ക്കായി നിർമ്മിക്കപ്പെട്ടതാണ് ഈ ക്ഷേത്രമെന്നും പറയുന്നു. ഈ ക്ഷേത്രത്തിൽ സഹപ്രതിഷ്ഠയായിരുന്ന വൈഷ്ണവ ചൈതന്യമാണ് തൊട്ടടുത്തുള്ള ക്ഷേത്രത്തിലെ പ്രതിഷ്ഠയായ ചാലപ്പള്ളി ശ്രീകൃഷ്ണ സ്വാമിയെന്നും ഐതിഹ്യമുണ്ട്. മുമ്പ് ഈ ക്ഷേത്രം ഇപ്പോൾ സ്ഥിതി ചെയ്യുന്ന

സ്ഥലത്തിനടിയിലുള്ള വലിയ ഗുഹയ്ക്കുള്ളിലായിരുന്നുവെന്നും കാലാന്തരത്തിൽ എങ്ങനെയോ അടഞ്ഞു പോയപ്പോൾ ഇന്നത്തെ ക്ഷേത്രം നിർമ്മിച്ചതായാണ് ഐതിഹ്യം പറയപ്പെടുന്നത്.

## വിദ്യാഭ്യാസം

അറിവ് ഏതൊരു കാലഘട്ടത്തിലും വലിയ പങ്കുവഹിക്കുന്നുണ്ട്. അതിനാൽ 'പള്ളിയ്ക്ക് ഒരു പള്ളിക്കൂടം' എന്ന വിശുദ്ധ ചാവറ കുര്യാക്കോസച്ചന്റെ ഉത്ബോധനം ഉൾക്കൊണ്ടു കൊണ്ട് അക്ഷരത്തിന്റെയും അറിവിന്റെയും വെളിച്ചം എല്ലാവരിലും എത്തിക്കുവാനുള്ള ആഗ്രഹത്തിന്റെ ഫലമായി




ബഹു. ജോസഫ് ഓണം കുളത്തിലച്ചന്റെ കാലത്താണ് ഒരു സ്കൂളിനു വേണ്ടിയുള്ള ശ്രമം ആരംഭിച്ചത്. 1937 സെപ്റ്റംബർ 1-ാം തീയതി കൂടിയ പൊതുയോഗത്തിൽ പള്ളിയോടു ചേർന്ന് പൂഞ്ഞാർ മോഡലിൽ ഒരു കേംബ്രിഡ്ജ് സ്കൂൾ തുടങ്ങുന്നതിന് തീരുമാനിച്ചെങ്കിലും അതിനുള്ള അനുവാദം ഗവൺമെന്റിൽ നിന്നും ലഭിക്കാതിരുന്നതിനാൽ 1948 നവംബർ 24 നു ചേർന്ന യോഗത്തിൽ കേംബ്രിഡ്ജ് ഇംഗ്ലീഷ് മീഡിയം സ്കൂൾ നടത്തുവാൻ അംഗീകാരത്തിനായി നിശ്ചയം ചെയ്യുകയും അംഗീകാരം ലഭിച്ചതനുസരിച്ച് മൂന്ന് ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. വിദ്യാഭ്യാസ ഇൻസ്പെക്ടറുടെ നിർദ്ദേശപ്രകാരം ഒരു പ്രൈമറി സ്കൂൾ കൂടി തുടങ്ങുവാനുള്ള അനുവാദത്തിന് അപേക്ഷിക്കുകയും 1949 ജൂൺ 16 ന് അനുവാദം കിട്ടിയതനുസരിച്ച് എൽ.പി സ്കൂൾ കൂടി ആരംഭിക്കുകയും ചെയ്തു. അങ്ങനെ കളത്തൂർ പ്രദേശം അറിവിന്റെ നിറകുടമായി മാറി.

## കൃഷി

കൃഷിയെക്കുറിച്ചുള്ള നുറുങ്ങറിവുകളുടെ കലവറയാണ് കളത്തൂർ. തെങ്ങ്, കവുങ്ങ്, കോവൽ, പാവൽ തുടങ്ങി നിരവധി കൃഷികൾ ഇവിടെ നിലനിന്നിരുന്നു. ഓണത്തിനും മറ്റു ആഘോഷങ്ങൾക്കുമായി ഇവിടുത്തെ ആളുകൾ ജൈവ പച്ചക്കറികൾ വിളഞ്ഞെടുത്തിരുന്നു. ഇവർ ആധുനിക കാലം മുതൽ മണ്ണിനെയും കൃഷിയേയും ഏറെ സ്നേഹിച്ചിരുന്നു. പൂർവികന്മാരുടെ കാലത്ത് ആരംഭിച്ച് ഇന്നും തുടർന്ന് പോകുന്ന

കളത്തൂർ ഗ്രാമത്തിന്റെ കൃഷിരീതികൾ ഏവരെയും അത്ഭുതപ്പെടുത്തുന്നു. കാലാന്തരത്തിൽ ഇരിപ്പു കൃഷിയിൽ നിന്നും ഒരിപ്പു കൃഷിയിലേക്ക് ഇവിടുത്തെ കൃഷിയിടങ്ങൾ മാറി. Muvattupuzha valley irrigation പദ്ധതിയുടെ കനാലിന്റെ വരവ് കളത്തൂരിന്റെയും സമീപപഞ്ചായത്തുകളുടെയും നെൽവയലുകളുടെയും വിസ്തൃതി കുറയ്ക്കുന്നതിന് വലിയ പങ്കുവപങ്കുവഹിച്ചു. കനാലിന്റെ ആവശ്യത്തിന് കരഭൂമിയിൽ നിന്ന് എടുത്ത മണ്ണ് നെൽവയലുകൾ നികത്തുന്നതിന് വ്യാപകമായി ഉപയോഗിക്കപ്പെട്ടു.



കുറവിലങ്ങാടിന്റെ കാർഷിക സമൃദ്ധിയിൽ വലിയ പങ്കുവഹിച്ചിരുന്ന MC റോഡിന്റെ അരികിലുള്ള നെൽവയലുകൾ നികത്തി കോൺഗ്രിറ്റ് സൗധങ്ങൾ നിർമ്മിക്കുകയും മറ്റ് കൃഷികൾക്ക് വഴി തുറക്കുകയും ചെയ്തതിനെ തുടർന്ന് ദേവമാതാ കോളേജിലെ NSS അംഗങ്ങൾ നെൽകൃഷി പഠനത്തിന്റെ ഭാഗമായി കൃഷി ചെയ്തത് കളത്തൂരിലെ നെൽവയലിലാണ്. KHDP, കാണക്കാരി സർവ്വീസ് സഹകരണ ബാങ്ക്, കാണാക്കാരിയിലും കുറവിലാങ്ങാടുമുള്ള കൃഷിഭവൻ തുടങ്ങിയവ കളത്തൂരിന്റെ കൃഷിയെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്നു. കൃഷിയ്ക്ക് ആവശ്യമായ വിത്തുകൾ, വളങ്ങൾ തുടങ്ങിയവ ഓരോരുത്തർക്കും ഈ സ്ഥാപനങ്ങൾ നൽകുന്നു. കൃഷി, വിപണനം തുടങ്ങിവയ്ക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതിൽ ഇവ ഏറെ പങ്കു വഹിക്കുന്നു. ഇന്നും കാർഷിക പാരമ്പര്യം പിന്തുടരുകയും അതിനെ ഉയർത്തി പിടിക്കുകയും ചെയ്യുന്ന അഭ്യസ്ഥവിദ്യരായ ധാരാളം ആളുകൾ കളത്തൂരിലുണ്ട്.

## ഗ്രാമപഞ്ചായത്ത്



കളത്തൂർ എന്ന സ്ഥലം കാണക്കാരി ഗ്രാമ പഞ്ചായത്തിലും കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലുമായാണ് സ്ഥിതി ചെയ്യുന്നത്.

## രാഷ്ട്രീയം

കാണക്കാരി എന്ന പേര് മുമ്പ് കാണം(revenue tax) പിരിക്കാൻ വന്നിരുന്ന ഒരു സ്ത്രീയുമായി ബന്ധപ്പെട്ട് ലഭിച്ചതാണ് എന്നാണ് പറയപ്പെടുന്നത്. കളത്തൂരിന്റെ രാഷ്ട്രീയ ചരിത്രത്തിന് സ്വാതന്ത്ര്യാനന്തര രാഷ്ട്രീയമായി ബന്ധപ്പെട്ടു മാത്രമേ കൃത്യമായ

ചരിതം ഉള്ളു. രാഷ്ട്രീയമായി കേരളാ കോൺഗ്രസ് (M), CPIM, CPI, Congress I എന്നീ പാർട്ടികളാണ് കളത്തൂരിലുള്ളത്. കേരളാ കോൺഗ്രസ്സുകൾക്ക് ശക്തമായ വേരോട്ടമുള്ള സ്ഥലമാണ് കളത്തൂർ. കളത്തൂർ വാർഡ് എല്ലാ കാലത്തും കേരളാ കോൺഗ്രസ്സിനൊപ്പമാണ് തെരഞ്ഞെടുപ്പുകളിൽ നിന്നിട്ടുള്ളത്. കടുത്തുരുത്തി അസംബ്ലി നിയോജക മണ്ഡലത്തിലും കോട്ടയം ലോകസഭാ മണ്ഡലത്തിലും പെട്ട സ്ഥലമാണ് കളത്തൂർ.

## ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

തോടും , ചെറിയ കുന്നുകളും , മരങ്ങളും , സമതലവും, നെൽപ്പാടങ്ങളും നിറഞ്ഞു ഭൂപ്രകൃതിയാണ് കളത്തൂരിന്റേത്. അക്ഷാംശം 9.746497 നും രേഖാംശം 76.392638 നും ഇടയിലാണ് കളത്തൂർ ഗ്രാമം സ്ഥിതി ചെയ്യുന്നത്. വെമ്പള്ളി, കാണക്കാരി, കോതനല്ലൂർ, കാഞ്ഞിരത്താനം, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളുമായി കളത്തൂർ അതിര് പങ്കിടുന്നു. ഒരു അതിരായി MC റോഡും മറ്റ് ഒരു അതിരിൽ കോട്ടയം - എറണാകുളം റോഡും കടന്നുപോകുന്നതു കൊണ്ടും വ്യവസായ സ്ഥാപനങ്ങൾ ഇല്ലാത്തതിനാലും വളരെ ശാന്തസുന്ദരമായ പ്രകൃതിയുള്ളതിനാലും താമസിക്കുന്നതിനുള്ള ഒരു നല്ല സ്ഥലമായി കളത്തൂർ നിലവിൽ പരിണമിച്ചിട്ടുള്ളതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപ്യം മൂലം വളരെ പണ്ടു തന്നെ ഉന്നത വിദ്യാഭ്യാസം സിദ്ധിക്കുന്നതിന് കളത്തൂർ നിവാസികൾക്ക് സാധിക്കുകയും ആയതിനെ തുടർന്ന് വിദേശത്തും സ്വദേശത്തും നല്ല നിലയിൽ ജോലി ചെയ്യുന്ന ധാരാളം ആളുകൾ ഉണ്ടാകുകയും ആയതുമൂലം ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുകയും ഉയർന്ന ജീവിത സാഹചര്യങ്ങളും, നിലവാരവും പുലർത്തുന്ന ഒരു നില കൈവരിക്കുകയും ചെയ്തിട്ടുള്ളതാണ്. ധാരാളം ജലലഭ്യതയും കൃഷിക്കും താമസത്തിനും അനുയോജ്യമായ കാലാവസ്ഥയും ഗതാഗത സൗകര്യങ്ങളും സർവ്വോപരി വിദ്യാഭ്യാസം സിദ്ധിച്ച ഒരു ജനതയും പാരിസ്ഥിതികമായ സവിശേഷതകളാണ്.

## സാഹിത്യ നായകന്മാർ

ദേവമാതാ കോളേജിന്റെ സ്ഥാപകനായ ഫാ. പോൾ ആലപ്പാട്ട് കളത്തൂർ സ്വദേശിയാണ്. ആലപ്പാട്ട് അച്ചൻ കുറവിലങ്ങാട് വികാരിയായിരുന്ന കാലത്ത് സാഹസികമായിട്ടെടുത്ത ഒരു തീരുമാനത്തിന്റെ ചരിത്രസാക്ഷ്യമാണ് ദേവമാതാ കോളേജ്.

## ഉപസംഹാരം

ലിഖിതമായ ചരിത്ര പഠനങ്ങൾ കളത്തൂരിനെ സംബന്ധിച്ച് ലഭ്യമല്ല. നൂറിലേറെ വർഷം പഴക്കമുള്ള കളത്തൂർ സെന്റ് മേരീസ് പള്ളിയുടെ റെക്കാർഡുകളിലും മറ്റുമാണ് ചരിത്രത്തിലേക്ക് അൽപ്പമെങ്കിലും വെളിച്ചം വീശുന്ന വസ്തുതകൾ ലഭ്യമാകുന്നത്. കൃഷി മുതലായവയിൽ കേന്ദ്രീകര മായിരുന്ന ജനമായിരുന്നതിനാൽ ചരിത്രരചനയിലും മറ്റും കളത്തൂരിന് വലിയ പ്രാധാന്യം ലഭിച്ചിട്ടില്ല. കുറവിലങ്ങാട് കേന്ദ്രീകൃതമായി നടത്തിയിട്ടുള്ള ചരിത്ര രചനയിൽ സമാനമായി തന്നെ ജീവിച്ചു വന്നിരുന്ന കളത്തൂരിന്റെ ചരിത്രത്തിന് യാതൊരു പ്രാധാന്യവും ഉണ്ടായിരുന്നില്ല. മുൻഗാമികൾ കടന്നുവന്ന വഴികൾ പുതു തലമുറയ്ക്ക് മുമ്പോട്ടുള്ള പ്രയാണത്തിൽ ചാലക ശക്തികളാണ്. കുറവുകൾ തിരിച്ചറിയാനും പോരായ്മകളും ആവശ്യങ്ങളും തിരിച്ചറിഞ്ഞ് ഒരു നാടിനെ രൂപപ്പെടുത്തുന്നതിനും അതിന്റെ അതിന്റെ ചരിത്രം വലിയ പങ്കു വഹിക്കുന്നു. തിയടോറൂസ് വെൽറ്റ് പറഞ്ഞു "ഭൂതകാലത്തെക്കുറിച്ച് നിങ്ങൾ എത്രത്തോളം അറിയുന്നുവോ അത്രയും ഭാവിയ്ക്കായി നിങ്ങൾ നന്നായി തയാറാകുന്നു. ഇന്ന് എഴുതുന്നത് നാളത്തെ ചരിത്രമാണ്. ചരിതം അവസാനിക്കുന്നില്ല , അത് ഇന്നുകളെ ചരിത്രമാക്കി കൊണ്ട് അതിന്റെ യാത്ര തുടർന്നുകൊണ്ടേയിരിക്കും.

നിയ ജോബിൻ
IX B

# All my love is gone



I was afraid to smile at you thinking you would hate me
I was afraid to talk to you thinking you would hate my words
Is it you are being cold or fell out of my love is it I'm being light hearted or
Feeling a rock in my heart

I waited from the morning to get my birthday wishes call from you waited
till The night and Already three more nights

Then I got to remember you don't even have my number
I'm such a crazy lover




It's been I whole year since I haven't met your orbs

I called you on the telephone cause I felt so far

Away hoping you would take the call I waited for a long

And even my wait didn't worth, all my love is gone…

Debora Yugesh
9 C

# കോവിഡ് കാലത്തെ ആശുപത്രി




Elsona Johns
10 B

# സ്നേഹദീപം



അച്ഛനെന്നെന്നെ വിളിക്കാൻ പഠിപ്പിച്ച
ആദ്യാക്ഷരം കുറിക്കാൻ പഠിപ്പിച്ച
ആരീരാരം പാടിയുറക്കിയ ദൈവത്തിൻ ആദ്യ
സമ്മാനമമ്മ

കാലിടറിയാൽ കൂടെ നടക്കുന്ന
കാലത്തിനൊപ്പം കൂട്ടായ് എത്തുന്ന
കൃഷ്ണമണിപോൽ എന്നെ കാക്കുന്ന
കാലത്തിൻ സമ്മാനമാണെൻ്റെയമ്മ

ഈ ലോക
സുഖങ്ങളെല്ലാം വെടിഞ്ഞ്
ഈ ലോക ദുഃഖത്തിൽ പങ്കു ചേർന്ന്
ഈ ലോകത്തിൽ കണ്ടതിൽ വെച്ചുള്ള
അണയാത്ത ദീപമാണെൻ്റെയമ്മ

സ്നേഹസഹായ മനോഭാവമെല്ലാം
എന്നിൽ ഉണർത്തിയ ദീപമാണേ
സ്നേഹമെന്തെന്ന് എന്നെ പഠിപ്പിച്ച
സ്നേഹത്തിൻ ദീപമാണെൻ്റെയമ്മ

ദൈവത്തിൻ ദീപ മെന്നിൽ തെളിയിച്ച
ദൈവം തൻ പാതയെ കാട്ടിത്തന്ന
എൻ നന്മ മാത്രം ആഗ്രഹിക്കുന്ന
തളരാത്ത പൂവാണ് എൻ്റെയമ്മ

കാണാൻ കഴിയുന്ന ദൈവമാണമ്മ
കാണാൻ കഴിയുന്ന സ്നേഹമാണമ്മ
കാണാൻ കഴിയും വാത്സല്യമമ്മ
കൂടെ നടക്കുന്ന സ്നേഹമാണമ്മ

വേദനിപ്പിക്കരുത് ആ അമ്മയെ
മറക്കരുത്  ഒരിക്കലും  ആ അമ്മയെ
ഓർമ്മതൻ മായാ കാഴ്ചകൾ തന്നിലെ
മായാത്ത നോവായ് അത് ഉള്ളിൽ നീറും

ഈ ലോകത്തിലെ ഏറ്റവും ഉയർന്ന
മറക്കാത്ത മഹാത്മ്യമാണെൻറെയമ്മ
മറക്കില്ലൊരിക്കലും ആ മഹാത്മ്യത്തെ
മാറോടണയ്ക്കണമെന്നുമെന്നും

അമ്മതൻ ജീവനിലുണ്ടൊരു മതിൽ
സ്നേഹത്തിൻ  വൻമതിൽ തന്നെ
കാലമെന്നെ പഠിപ്പിച്ച സത്യം
കാലം തെളിയിച്ച സ്നേഹമാണമ്മ

Anitta Chacko
IX C

# പ്രകൃതിയുടെ മുത്തുമണികൾ



17-04-2022
ഞായർ

പ്രകൃതിയുടെ സൗന്ദര്യറാണികളാണ് പൂക്കൾ . വിവിധ നിറങ്ങളിലുംരീതികളിലും നിറഞ്ഞു നിൽക്കുന്ന പൂക്കൾ ഒരാളുടെ രൂപത്തെ ലൗകികമായും ആത്മീയമായും അലങ്കരിക്കുന്നതുപോലെ പ്രകൃതി ലൗകികമായി-ലോകത്തിലെ ആവശ്യങ്ങൾക്കും, ഭൂമിയിലും വളർന്ന് പന്തലിച്ച് പ്രകൃതിയെ



ഭംഗിയുള്ളതാക്കുന്നു.ആത്മീയമായി-പൂജകൾക്കായി പൂക്കൾ ഉപയോഗിക്കുന്നു . പൂക്കൾ പരിശുദ്ധിയുടെ പ്രതീകമാണ് പക്ഷേ എനിക്ക് പൂക്കളെ സങ്കടവും സന്തോഷവും ആഹ്ലാദവും ഇടകലർന്ന് നിൽക്കുന്ന ഒരു സാധാരണ മനുഷ്യനെ പോലെയാണ്. ഞാൻ പലപ്പോഴായി ശ്രദ്ധിച്ചിട്ടുണ്ട് പൂക്കൾ ഒരു പ്രത്യേക രീതിയിൽ ആണ് നിൽക്കുന്നത് കാലുകൾ ഊന്നി, കൈകൾ വിടർത്തി, മേലിൽ നിവർന്ന്,തല ചെറുതായി ചായ്ച്ചു, മഴപെയ്യുമ്പോൾ പൂക്കൾ നനഞ്ഞുകുതിർന്നു വെള്ളപ്പൊക്കത്തിൽ നിൽക്കുകയാണ് എന്ന് എനിക്ക് തോന്നി പോകും. മഴപെയ്യുമ്പോൾ ചില ഇതളുകൾ മൂടി പൊഴിയുന്നത് പോലെ അടർന്നു വീഴും. അപ്പോൾ അവർക്ക് സങ്കടം ആണെന്ന് എനിക്ക് തോന്നും.

ഞാൻ ഒരിക്കൽ വൈകുന്നേരം പുറത്തിരിക്കുമ്പോൾ ആണ് പൂക്കളുടെ സന്തോഷം ഞാൻ ദർശിച്ചത്. എന്റെ പിതാവ് പൂക്കൾക്ക് കുറച്ചു വളവും വെള്ളവും ഒഴിച്ചുകൊടുത്തു മൃദുവായി തലോടിയപ്പോൾ അവ കുനിഞ്ഞു കൈകൾ ഉയർത്തി.ഇതെല്ലാം ഞാൻ ഓരോന്ന് കാണുമ്പോൾ മനസ്സിൽ വരുന്നത് എഴുതുന്നതാണ്. ഗൗരവമുള്ളവയല്ല പക്ഷെ എഴുതാൻ രസമുള്ള എഴുത്തു. പിറ്റേന്ന് രാവിലെ ഞാൻ ടെറസ്സിൽ നിന്നു ഭംഗി ആസ്വാദിക്കുകയായിരുന്നു പെട്ടെന്ന് ഒരു വിചിത്രകാഴ്ച ഞാൻ കണ്ടു.പൂക്കൾ കാറ്റിൽ ഉലഞ്ഞു തുള്ളിച്ചാടുന്നു. അവയ്ക്കു ആഹ്ലാദംകൊണ്ട് നിൽക്കാൻ വയ്യ കാരണം കുറെ നേരം കഴിഞ്ഞാണെനിക്കുമനസിലായത്. കുറച്ചു മുൻപ് ഞാൻ പൂക്കൾ ആർത്തുല്ലസിക്കുന്നത് കാണുന്നതിനിടെ തേനീച്ചകൾ അവിടെ തേൻ ശേഖരിക്കാൻ എത്തിയിരുന്നു.കുഞ്ഞുങ്ങൾ എങ്ങും പടരുമെന്നും തേൻ ശേഖരിക്കാൻ തന്റെ സുഹൃത്തുക്കൾ എത്തും എന്നുള്ള ഒരു ഉത്സാഹമാണവയ്ക്ക്. പ്രാണികളും പൂക്കളും തമ്മിൽ വലിയ ഒരു ഗാഢബന്ധം സ്ഥാപിതമാണ് എന്ന് എനിക്ക് മനസ്സിലായി. പൂക്കൾ എന്ത് മനോഹരം ആണല്ലേ.... അവർ അറിവിന്റെ രത്നകവാടങ്ങളാണ്. പൂക്കളിൽ നിന്നും നമ്മുക്ക് ധാരാളം പഠിക്കാം.അവയെ പരിചരിക്കുമ്പോൾ കിട്ടുന്ന കുളിർമ എനിക്ക് വർണിക്കാൻ കഴിയുന്നതിലും അപ്പുറമാണ്. പക്ഷെ മനുഷ്യൻ പൂക്കളുടെ അന്ധകാനാകുന്നു എന്നുള്ള ബോധ്യം എന്നെ സങ്കടപ്പെടുത്തുന്നു. പൂക്കളുടെ ഈ മായാത്ത അനുഭവം എന്റെ മനസ്സിൽ ഏകയായി കിടന്ന പച്ച വാതിൽ തുറന്നുകഴിഞ്ഞു.

Siona Ann Sinu
8 A

# Education



•"Education is not the learning of facts , but the training of the mind to think."
- Albert Einstein

•"Education is the most powerful weapon which you can use to change the world. "
-Nelson Mandela

• "Education is the manifestation of perfection present already in man . Divinity is the manifestation of the religion already in man."
-Swami Vivekananda

•"There are two educations. One should teach us how to make a living and the other how to live. "
-John Adams

•"By education, I mean an all-round drawing of the best in child and man in body, mind and spirit. "
-Mahatma Gandhi

• "Education is for improving the lives of others."
-Marian Wright Edelman

•"When educating the minds of your youth, we must not forget to educate their hearts. "
-Dalai Lama

•"Formal education will make you a living ;self-education will make you a fortune. "
-Jim Rohn

•"Intelligence plus character that is the goal of true education."
- Dr . Martin Luther King Jr.

Bini Rose Sebastian
IX B



# അനാഥമായ വാർദ്ധക്യം



അമ്മ നമ്മുടെ ഒക്കെ എല്ലാം ആണ്. അമ്മ ഇല്ലെങ്കിൽ നമുക്ക് ഒന്നും ചെയ്യാൻ പറ്റില്ല. സിനിമയിൽ പറയുന്നത് പോലെ പ്രപഞ്ചത്തിൽ അമ്മയെക്കാൾ വലിയ പോരാളി ആരുമല്ല എന്ന്. പക്ഷെ അച്ഛനും അമ്മയും പ്രപഞ്ചത്തിൽ ഏറ്റവും വലിയ പോരാളികൾ ആണ്. നമുക്ക് വേണ്ടി മറ്റുള്ളവരോട് പോരാടുന്ന പോരാളികൾ. നമ്മുടെ സന്തോഷത്തിന് വേണ്ടി അവർ പോരാടുന്നു. നമ്മുടെ മുഖം ഒന്ന് വാടിയാൽ നമ്മൾ പറയാതെ പോലും നമ്മുടെ അമ്മമാർ അത് മനസിലാക്കും. പിന്നെ നമ്മുടെ സന്തോഷത്തിന് വേണ്ടി അച്ഛന്മാർ കഷ്ട്ടപെടും. മാതാപിതാക്കൾ കുട്ടികളെ തല്ലുകയും വഴക്ക് പറയുകയും ഒക്കെ ചെയ്യും പക്ഷെ അത് കുട്ടികളോട് ഉള്ള സ്നേഹം കൊണ്ട് മാത്രം ആണ്. തെറ്റ് ചെയ്യുമ്പോൾ അവർക്ക് വിഷമം ആകും. തങ്ങളുടെ മക്കൾ അങ്ങനെ

ചെയ്യരുത് അവർ നന്നായി വളരണം. മറ്റുള്ളവരുടെ കണ്ണിലെ കരടായി വളരരുത്. എല്ലാവർക്കും ഇഷ്ടം ഉള്ള ഒരാളായി വേണം വളരാൻ. പരീക്ഷക്ക് മാർക്ക് കുറഞ്ഞാൽ കുട്ടികളെ വഴക്ക് പറയും കാരണം അത് സപ്പോർട്ട് ചെയ്താൽ അവർ വീണ്ടും പഠിക്കാതെ മാർക്ക് കുറഞ്ഞ് ഇരിക്കും. നന്നായി പഠിപ്പിച്ച് നല്ല ഒരു നിലക്ക് എത്തിക്കണം എന്നുള്ള അവരുടെ അധിയായ ആഗ്രഹകൊണ്ടാണ് അവർ വഴക്ക് പറയുന്നത്. ഇതുപോലെ മക്കളെ നോക്കി വളർത്തി വലുതാക്കി നല്ലയൊരു ജോലി ഒക്കെ മേടിച്ചു കൊടുത്തിട്ടും ഇന്നത്തെ കാലത്ത് ഒരു കാര്യവും ഇല്ല. കാരണം മക്കൾക്ക് നല്ലൊരു ജോലിയും, നല്ല പതവിയും ഒക്കെ ആയി കഴിയുമ്പോൾ മാതാപിതാക്കൾ ഒരു കുറവ് ആയി അവർക്ക് തോന്നും. ഒരു ബാധ്യതയായി തോന്നും, ഒരു ഭാരമായി തോന്നും. മക്കളുടെ പുതുമക്കും മോടിക്കും ഒത്ത് മാതാപിതാക്കൾക്ക് ഒക്കാൻ പറ്റുന്നില്ല. അവർ പഴഞ്ചൻ ആണന്നൊരു തോന്നൽ ആണ് മക്കൾക്ക്.

മക്കൾ ചിന്തിക്കേണ്ട ഒരു കാര്യം ഉണ്ട് മാതാപിതാക്കൾ കണ്ടും കെട്ടും പഠിച്ചത് മാത്രമേ അവർക്ക് ചെയ്യാൻ കഴിയു. ഒരു ജോലി കിട്ടുന്നത് വരെ അവർ പൊന്നുപോലെ നോക്കിയില്ലേ ഇനി അവരെ നോക്കേണ്ടത് മക്കൾ ആണ്.

വൃദ്ധസദനങ്ങളുടെ എണ്ണം കൂടുകയാണ് ഇപ്പോൾ. കാരണം മാതാപിതാക്കളെ നോക്കാനുള്ള ബുദ്ധിമുട്ട് കാരണം മക്കൾ സ്വന്തം മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കുവാണ്. മക്കൾ ഒരിക്കൽ എങ്കിലും കാണാൻ വരുമെന്ന പ്രതീക്ഷയോടെ അവർ അവിടെ താമസിക്കും. ചില മക്കൾ മാതാപിതാക്കളെ തെരുവിൽ ഉപേക്ഷിക്കുന്നവർ. യാത്ര പോകാം എന്ന് പറഞ്ഞ് അവരേം കൂടെ കൂട്ടി ദൂരെ എവിടെയെങ്കിലും ചെന്ന് കഴിഞ്ഞ് ഇറക്കി അവിടെ ഉപേക്ഷിച്ചു പോകുന്നവർ. എന്നാലും മക്കളെ മാതാപിതാക്കൾ മറക്കില്ല കാരണം അത്രക്ക് ഇഷ്ടം ആണ് അവരെ.

പിന്നെ കൊച്ചുമക്കളെ നോക്കാൻ വേണ്ടി മാത്രം മാതാപിതാക്കളെ വീട്ടിൽ നിർത്തുന്നവർ ഉണ്ട്. പക്ഷെ അവർ അത് ഒന്നും ശ്രദ്ധിക്കാതെ എല്ലാ ജോലികളും ചെയ്ത് കുട്ടികളെയും നോക്കി വീട്ടിൽ നിൽക്കും.

പ്രായം ആകും തോറും കുട്ടികളുടെ സ്വഭാവം ആകുമെന്നാണ് പറയപ്പെടുന്നത്. അത് സത്യം ആണ്. പ്രായം ആകും തോറും കുട്ടിത്തം കൂടും, വാശി കൂടും. മാതാപിതാക്കളെ സ്വന്തം കുട്ടികളെ പോലെ നോക്കേണ്ടത് മക്കളുടെ കടമ ആണ്.

പിന്നെ മക്കൾ തമ്മിൽ തർക്കം ആണ് സ്വത്ത്സമ്പാദ്യത്തിന് വേണ്ടി. അച്ഛനേയും അമ്മേയേയും വേണ്ട പക്ഷെ, അവർ ഉണ്ടാക്കിയ സ്വത്ത് മക്കൾക്ക് വേണം. സ്വത്ത് കിട്ടുന്നോടം വരെ എങ്ങനെയെങ്കിലും മാതാപിതാക്കളെ നോക്കും. അത് കഴിഞ്ഞാൽ മക്കൾ തമ്മിൽ വേറെ തർക്കം മാതാപിതാക്കളെ ആര് നോക്കും എന്നതിനെ ചൊല്ലി. മാതാപിതാക്കൾ ഒരു ചെറിയ തെറ്റ് ചെയ്താൽ പോലും മക്കൾ അത് വലിയ പ്രശ്നം ആയി എടുക്കും. എന്നിട്ട് അവരെ വഴക്ക് പറയും. ചിലപ്പോൾ എന്തേലും അറിയാതെ കൈ തട്ടി താഴെ പോകുന്നതിന് ആയിരിക്കും പക്ഷെ മക്കൾക്ക് അത് വളരെ വലിയ കാര്യം ആണ്. പക്ഷെ മക്കൾക്ക് അവരുടെ സ്വന്തം മക്കൾ ചെയ്താൽ അത്രയും പ്രശ്നം പോലും കാണില്ല. പിന്നെ ചിലർ ഉണ്ട് വലിയ ജോലി ഒക്കെ ആയി കഴിഞ്ഞാൽ മാതാപിതാക്കളെ തിരിഞ്ഞു നോക്കില്ല. മക്കൾ വേറെ വീട് ഒക്കെ വെച്ച് മാറും. അവരുടെ ഒരു ന്യായം "ജോലി തിരക്ക്" എന്നാണ്. എന്തിന് ഒരു 10 മിനിറ്റ് മതി അവർക്ക് സുഖം ആണോ എന്ന് അവരുടെ വിശേഷങ്ങൾ തിരക്കാൻ. മാതാപിതാക്കളെ പൊന്ന് പോലെ നോക്കുന്നവർ ഉണ്ട്.

മാതാപിതാക്കൾക്ക് പ്രായം ആകുമ്പോൾ അസുഖങ്ങൾ ഒക്കെ ബാധിക്കും. ചിലപ്പോൾ കണ്ണിന് കാഴ്ച കുറയും, ചെവിയുടെ കേൾവി കുറയും, വർത്തമാനം പറയാൻ ഒക്കെ ബുദ്ധിമുട്ട് ഉണ്ടാകും കിഡ്നി തകരാർ, ഹൃദയത്തിന് പ്രശ്നം, കരളിന്റെ പ്രശ്നം, ക്യാൻസർ ഒക്കെ ഉണ്ടാകും

മക്കൾക്ക് അത് ഒരു ബാധ്യത ആണ്. അവർ ഒന്ന് ഓർക്കുന്നില്ല അവർ കുഞ്ഞുങ്ങൾ അയിരുന്നപ്പോൾ ഒരു ചെറിയ തുമ്മൽ വന്നാൽ പോലും മക്കളേം എടുത്തുകൊണ്ടു ഓടുമായിരുന്നു ആശുപത്രിയിലേക്ക്. എന്തൊക്കെ അസുഖങ്ങൾ ഉണ്ടേലും ഒന്നും നോക്കാതെ ചികിത്സക്കും.
അച്ഛനമ്മമാർ കാണിക്കുന്നത് കണ്ടാണ് അവരുടെ മക്കൾ കാണിക്കുകയുള്ളു. ഇപ്പോൾ അവർ അവഗണിക്കുന്ന മാതാപിതാക്കളുടെ സ്ഥാനത്തേക്ക് അവരും ഒരിക്കൽ വരുമെന്ന് അവർ ചിന്തിക്കുന്നില്ല. ഇപ്പോൾ മാതാപിതാക്കൾ അനുഭവിക്കുന്നത് അന്ന് അവർ അനുഭവിക്കേണ്ടി വരും. ഇന്ന് മക്കൾ നിസാര കാര്യങ്ങൾക്ക് വഴക്ക് ഇടുന്നത് പോലെ അന്ന് സ്വന്തം മക്കൾ വഴക്ക് ഇടും. എന്തൊക്കെ ചെയ്താലും വാർദ്ധക്യ കാലത്തേക്ക് എല്ലാരും വരും അത് എല്ലാവരും ഒന്ന് ഓർത്ത് ഇരിക്കുന്നത് നല്ലതാണ്. എന്നും ചെറുപ്പം ആയി ഇരിക്കില്ലല്ലോ. മാതാപിതാക്കളെ പ്രായം അയാൽ നോക്കേണ്ടത് മക്കളുടെ കടമ ആണ്. അത് എങ്കിലും നിങ്ങൾ ചെയ്യുക. ദൈവം തരുന്ന സ്വത്തുകളിൽ ഒന്നാണ് "മാതാപിതാക്കളും അവരുടെ സ്നേഹവും". അതിന്റെ അത്രേം വിലമതിക്കുന്ന ഒന്നും ഈ ലോകത്ത് ഇല്ല. ആരൊക്കെ വിട്ട് പോയാലും എന്നും നമ്മുടെ കൂടെ നിക്കാൻ അവരെ കാണുള്ളൂ.

നന്നായി നോക്കുക. അവരെ കരയിക്കരുത്. അത് ക്ഷമിക്കാൻ ആകാത്ത തെറ്റ് ആണ്.

നന്ദന
സുന്ദരേഷ്
IX A

# Humans without a heart......



I sat in the armchair and looked out the window
The rising sun, the cool breeze,
The song of the birds,
The sound of a stream somewhere in the distance........
I smiled without even I realizing it......
Someone who whispered from inside,
HOW BEAUTIFUL IS THIS NATURE!
Suddenly my eye trembled,
How long will this beauty last?
Nature is being exploited every moment from many parts of the world.....!
I want this greenery to last forever.....
Forest without trees?
Sky without birds?
Salt-free sea?
Land without plants?
Humans without a heart

Sreelakshmi Sunil
9 c

# കളിവള്ളങ്ങൾ



ആ വഴികളിൽ നിറഞ്ഞുനിന്നിരുന്ന ചെടികളെ തഴുകി മാറ്റി അവൾ മുന്നോട്ടു നീങ്ങി. കാറ്റിൽ മുഖംമറച്ച് തലമുടി മെല്ലെ മാടി ഒതുക്കി അവൾ മുന്നോട്ടു നീങ്ങി. അഞ്ജനയുടെ ആ മുഖത്ത് നഷ്ടപ്പെടൽ വേദന മിന്നി നിൽക്കുന്നു. അവൾ സൂക്ഷ്മതയോടെ ഓരോ കാലടിയും വച്ചു.
അങ്ങനെ അവൾ എത്തി താൻ ഏറെ കാലമായി കാണാൻ കൊതിച്ചു നിന്ന സ്ഥലത്ത് അവൾ എത്തി. തന്റെ മുറ്റത്ത് താൻ പിച്ചവെച്ചു നടന്ന തന്റെ മുറ്റത്ത്, താൻ മഴനനഞ്ഞ തന്റെ മുറ്റം. ആ മനസ്സ് പതുക്കെ മന്ത്രിച്ചു. അഞ്ജന ഒരു ചെറിയ കല്ലിന്മേൽ പോയിരുന്നു. വർഷങ്ങൾക്കു മുമ്പ് അമ്മ വിളമ്പി തന്നിരുന്ന ഭക്ഷണം കഴിക്കാൻ താൻ ഇരുന്ന സ്ഥലം. ആ ഓർമ്മകൾ അവളിൽ നിറഞ്ഞു നിന്നു. അവളുടെ ഒപ്പം കൈപിടിച്ച് കൂടെ എത്തിയിരുന്ന മറ്റൊരാൾ. ദീപ് തന്റെ സ്വന്തം അമ്മുക്കുട്ടി.
ചെന്നെത്തിയ വീട്ടുകാരിയെ കാണാൻ ആളുകൾ ഏറി. മാനത്ത് കാർമുകിൽ കൂട്ടം എത്തി. മുകളിൽ നിന്ന് കണ്ട അവ ഉടനെ അഞ്ജനയുടെ ചാരത്ത് എത്തി. ആ മഴത്തുള്ളികൾ അവളുടെ മേൽ പതിഞ്ഞ പ്പോഴും അമ്മുക്കുട്ടി തന്നെയായിരുന്നു മനസ്സിൽ.
കളിവള്ളങ്ങൾ. ഇങ്ങനെ ഒരു മഴയിൽ താൻ ഒഴുക്കിവിട്ട കളിവള്ളങ്ങൾ കൈകളിലൊതുക്കി പിടിച്ചു അമ്മുക്കുട്ടി വരുന്ന കാഴ്ചയാണ് അവളുടെ കണ്ണുകളിൽ.അന്ന് അവളോട്തോന്നിയത് ദേഷ്യം ആണ് എന്റെ കളിവള്ളങ്ങൾ അവൾ നശിപ്പിച്ചു. മോൾക്ക് ഇന്നുമുതൽ ഇതാ ഒരു കൂട്ടുകാരി അച്ഛൻ അന്ന് പറഞ്ഞ ആ വാക്കുകളിൽ ഒരു ജീവിതം മുഴുവൻ നീളുന്ന ബന്ധം വളരുമെന്ന് അവളറിഞ്ഞില്ല. അന്ന് മുതൽ എന്നും പിന്നെ എന്നും അവൾ ആയിരുന്നു അഞ്ജനയുടെ പ്രിയ സുഹൃത്ത് അല്ല എല്ലാം എല്ലാം. അവൾ ആരാണ് അറിയില്ല

ഇന്നും അറിയില്ല. ആ ചോദ്യത്തിന് ഉത്തരം അച്ഛന്റെ വാക്കുകളിൽ മാത്രം. ഈ അറിവില്ലായ്മകൾ ഇടയിലും തങ്ങളുടെ ബന്ധം വളരെയധികം വളർന്നു. നീണ്ട എട്ടുവർഷത്തെ ബന്ധം. അതിനുശേഷം അവൾ തന്നെ വിട്ടു പോയി. ഒരിക്കലും പിരിയാതെ ഇരുന്നിട്ട്, വർഷങ്ങൾക്കുശേഷം അഞ്ജനയും ദീപയും പിരിഞ്ഞു. പിന്നീട് അടുക്കാൻ പറ്റാത്ത വിധം. അത് അപകടം തന്നെ ഒറ്റക്കാക്കി അവൾ യാത്രയായി.
വേദനകളുടെ ആ താഴ്‌വാരത്തിൽ അവൾ കുടുങ്ങിപ്പോയി. അഞ്ജന ഒറ്റയ്ക്കായി. ആ വേദന അവളെ ഏറെ വലച്ചു. അങ്ങനെ വീടുവിട്ടിറങ്ങി, അച്ഛന്റെ ഒപ്പം വിദേശത്തേക്ക് പിന്നീടുള്ള കാലം അവിടെ.
അഞ്ജന നനഞ്ഞത് അവളറിഞ്ഞില്ല അവൾ ഓർമകളിൽ കുടുങ്ങിപ്പോയി തന്നെ ഹാൻഡ് ബാഗിനുള്ളിൽ നിന്ന് ഒരു കഷണം പേപ്പർ എടുത്ത് അവൾ ഒരു കളി വള്ളം ഉണ്ടാക്കി തന്റെ അമ്മുക്കുട്ടിക്ക് ആയി ഒരു കളി വള്ളം.

Celesteena Joby
IX A

# Nature



Nature is everywhere
Nature is everything
Everything that lives and grows in nature
Animals big and small
Nature is plants that grow so tall .
Nature is beautiful in every way.
Wonderful, exciting
And needs our care.
So listen and do your part to keep nature Beautiful forever

Sneha Ann Siju
9A

# കോവിഡ് എന്ന മഹാമാരി



"പ്രകൃതി ഒരു കാര്യത്തിലും ധൃതി കൂട്ടുന്നില്ല ,എങ്കിലും എല്ലാം ഭംഗിയായി നിറവേറ്റും" ചൈനയിലെ ഗൗതമബുദ്ധൻ എന്നറിയപ്പെടുന്നതാവോയിസ്സിന്റെ പ്രമുഖ വക്താവായ് ലാവോസിയുടെ വാക്കുകളാണിത് .


ഒരുപക്ഷേ ഈ കൊറോണക്കാലത്ത് അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായ ഈ വാക്കുകൾ പിറന്നുവീണ മണ്ണിൽ നിന്നു തന്നെയാണ് പ്രകൃതി തന്റെ കർമ്മങ്ങൾ നിറവേറ്റാൻ ആരംഭിച്ചതെന്ന് തികച്ചും യാദൃശ്ചികമാകാം.ലോകത്തിൻറെ പകുതിയിലധികം ഭാഗവും നിശ്ചലമായപ്പോൾ പ്രകൃതി തന്റെ കർമ്മനിർവഹണത്തിലാണ്. നമ്മുടെ  കൊച്ചുകേരളത്തിലെ കോഴിക്കോട് ഇറങ്ങിയ ഈനാംപീച്ചിയും നോയ്ഡയിലെ റോഡുകളിലൂടെ നിർഭയം നടന്നുനീങ്ങുന്ന നീൽഗായുമൊക്കെ സൂചിപ്പിക്കുന്നത്, മനുഷ്യർ തീർത്ത തടവറകളിൽ നിന്നും പ്രകൃതി തന്റെ മറ്റു മക്കളെ മോചിപ്പിക്കാൻ തുടങ്ങി എന്നതാണ്.



ഈ കൊറോണ കാലഘട്ടം നമ്മെ പഠിപ്പിച്ച പ്രഥമവുംപ്രധാനപ്പെട്ടതുമായ പാഠം ഈ പ്രപഞ്ചം നമ്മുടെ അല്ലെങ്കിൽ ശാസ്ത്രത്തിൻറെ നിയന്ത്രണത്തിലല്ല,മറിച്ച്  നാമോരോരുത്തരും പ്രപഞ്ചത്തിന്റെ നിയന്ത്രണത്തിലാണ്. വലിയവനെന്നോ ചെറിയവനെന്നോ, ധനികനെന്നോ ദരിദ്രനെന്നോ, കറുത്തവനെന്നോ വെളുത്തവനെന്നോ വ്യത്യാസമില്ലാതെ സ്ഥലകാല- ജാതിമത- കക്ഷിരാഷ്ട്രീയങ്ങൾക്ക് ഉപരിയായി മനുഷ്യരെല്ലാം ഒന്നാണ് എന്ന വലിയ പാഠം ഈ കൊറോണ കാലം     പഠിപ്പിച്ചു.മതവും രാഷ്ട്രവും മദ്യവും

ഇല്ലാതെയും മലയാളികൾക്ക് ജീവിക്കാമെന്ന വലിയൊരു തിരിച്ചറിവ് നാം നേടി.സ്വന്തം വീടുകളിലേക്ക് നാം ഒതുങ്ങപ്പെട്ടപ്പോൾ മൃഗശാലകളിലും മറ്റും കൂട്ടിലടക്കപ്പെട്ട പക്ഷി ജീവജാലങ്ങളുടെ സ്വാതന്ത്ര്യമില്ലായ്മ എന്താണെന്ന് നാം മനസ്സിലാക്കി .കുടുംബംമെന്ന സ്വർഗ്ഗത്തിന്റെ മൂല്യം എത്രയോ ശ്രേഷ്ഠമാണെന്ന് നാം തിരിച്ചറിഞ്ഞു. പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് മനുഷ്യൻ ആവശ്യമില്ല നേരെമറിച്ച്, മനുഷ്യൻ്റെ നിലനിൽപ്പിന് ഈ പ്രപഞ്ചം അത്യന്താപേക്ഷിതമാണെന്ന വലിയൊരു ഉൾക്കാഴ്ച നാം നേടി.

മനുഷ്യന്റെ അസാന്നിധ്യം വായുവിനെയും ജലത്തെയും നിർമ്മലമാക്കി. വൃക്ഷങ്ങളും പക്ഷിജന്തുജാലങ്ങളും സമാധാനത്തിലായി. സ്വന്തം തെറ്റാണ് ദുരന്തങ്ങൾ വരുത്തി വെക്കുന്നതെന്നും സ്വയം സൂക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്താൽ അവനെയും സമൂഹത്തെ തന്നെയും രക്ഷിക്കാൻ കഴിയും എന്നും ഓരോ വ്യക്തിയും തിരിച്ചറിഞ്ഞു.അനുദിന ജീവിതത്തിൽ സ്ഥാനമാനങ്ങൾക്കും സ്വാർത്ഥ താല്പര്യങ്ങൾക്കുമായി തിരക്കിട്ട് നേട്ടോട്ടമോടിയിരുന്ന മനുഷ്യൻ ക്ഷമയുടെ മൂല്യം എന്തെന്ന് മനസ്സിലാക്കി.




എല്ലാറ്റിനും ഉപരിയായി സ്നേഹവും സേവനവുമാണ് ഏറ്റവും അമൂല്യ ഗുണങ്ങളെന്ന് നാം പഠിച്ചു. എണ്ണിയെണ്ണി പറയാൻ ഇനിയുമുണ്ട് ഏറെ. കൊറോണാ നന്തര കാലഘട്ടം എന്നത് ഒരുപക്ഷേ നമുക്ക് പ്രകൃതി നൽകുന്ന അവസാന അവസരം ആയിരിക്കും. കർമ്മനിരതരാകുക അല്ലെങ്കിൽ മരണമടയുക എന്ന പഴയ മുദ്രാവാക്യം പൊടിതട്ടി എടുക്കേണ്ട സമയം ആഗതമായിരിക്കുന്നു.പഠിച്ച പാഠങ്ങൾ വീണ്ടും ഓർമ്മിപ്പിക്കാൻ ഒരു മഹാമാരി കൂടെ ഉണ്ടാകാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

LISME MARIA SANTHOSH
9A

# Mother



*"I remember my mother's prayers and they have always followed me. They have clung to me all my life".
-Abraham  Lincoln

*"My mother is a walking miracle."
- Leonardo Dicaprio

*"A mother's treasure is her daughter. "
-Catherine Pulsifer

*"If I have done anything in life worth attention, I feel sure that I Inherited the disposition from my mother"
-T . Washington

*"The woman who is my best friend, my teacher, my everything: Mom"
- Sandra Vischer

*"I life began with walking up and loving my mother's face "
- George Eliot

Jaimol Joby
9 B



# ഉദ്ധരണി നിഘണ്ടു



°അവകാശങ്ങൾ സംരക്ഷിക്കാൻ
തുനിയുന്നവർക്കേ അവകാശങ്ങൾ ഉള്ളൂ.
-ജെയിംസ് ലോവൽ
°ആദർശങ്ങൾ ലോകത്തിന്റെ യജമാനന്മാരാണ്.
-ജെ. ജി. ഹോളണ്ട്
° ഇന്നേദിവസം ഇന്നലെ എന്തായിരുന്നുവെന്ന് ചിന്തിക്കുക.
നാളെ അതിൽ കുറയാതിരിക്കുവാൻ
ശ്രമിക്കുക
-ലോർഡ് ചെസ്റ്റർ ഫീൽഡ്
°ഈശ്വരൻ എല്ലാ മനുഷ്യരിലുമുണ്ട്. എല്ലാ മനുഷ്യരും
ഈശ്വരനല്ല.
-ശ്രീരാമകൃഷ്ണൻ
°ഉൾക്കാഴ്ചയുള്ളവർ കുറവാണ്. ഭൂരിപക്ഷംപേരും
അന്ധരാണ്.
-ബുദ്ധൻ
°എഴുത്തുകൾ അയയ്ക്കുന്നവന്റെയും
സ്വീകരിക്കുന്നവന്റെയും വ്യക്തിത്വം സൂചിപ്പിക്കുന്നു.
-ചെസ്റ്റർ ഫീൽഡ്
°ഏകാന്തത ബുദ്ധിമാന്റെ വിദ്യാലയമാണ്.
-ഗിബ്ബൺസ്
°ഐക്യമത്യം മഹാബലം.
-പഴമൊഴി
° ഓർമ്മകൾ സമൃദ്ധി കാലത്തെ മധുരം ആക്കുകയും
ദുഃഖത്തിന്റെ തീവ്രത കുറയ്ക്കുകയും യൗവനത്തെ
നിയന്ത്രിക്കുകയും വാർദ്ധക്യത്തെ സന്തോഷ
പൂർണ്ണമാക്കുകയും ചെയ്യുന്നു.
-ലാക്ടൻ ടിയാസ്

◦ ഔദാര്യമത്രയും ഭീരുവാണുത്തുംഗ
സൗദമേറില്ലതു വീഴ്ച ശങ്കിക്കയാൽ
-വള്ളത്തോൾ
◦കൃത്യനിഷ്ഠ വ്യവസായത്തിന്റെ വിജയരഹസ്യം ആണ്.
-ബാൾവർ
◦ഗ്രന്ഥം ഒരു പൂന്തോട്ടവും, പഴത്തോട്ടവും,
പണ്ടകശാലയും, സുഹൃദസ്മിതിയും, ഉപദേശകനും,
നേതാവുമാണ്.
-ബീച്ചൻ
◦ ചരിത്രം സൃഷ്ടിക്കുന്നവർക്ക് അതെഴുതാൻ സമയമില്ല.
-മെറ്റേർനിക്ക്
◦ ജീവിതത്തിന്റെ എല്ലാ ദിവസങ്ങളിലും ജീവിക്കുക.
-സ്വിഫ്റ്റ്
◦ ജ്ഞാനമാണ് ശക്തി.
-ഹോഫസ്
◦ തൂലിക വാളിനേക്കാൾ മൂർച്ചയുള്ളതാണ്.
-ബൾവർ ലിറ്റൻ
◦ ദയ ഇല്ലാത്തവൻ നീതി പ്രവർത്തിക്കുന്നില്ല.
-ബെയിലി
◦ ധീരത ഇല്ലാത്തതുകൊണ്ട് അനേകം ആളുകളുടെ
കഴിവുകൾ നശിച്ചുപോകുന്നു.
-ഡിസ്സി സ്മിത്ത്
◦ നല്ലവരായി ഇരിക്കുന്നത് വഴി നമുക്ക് കൂടുതൽ നന്മ
ചെയ്യുവാൻ സാധിക്കുന്നു.
-റോളണ്ട് ഹിലു
◦ പദവികൾ അധികാരമല്ല നല്കുന്നത്,
ഉത്തരവാദിത്വമാണ്.
-പീറ്റർ ഡ്രുക്കർ
◦ ബുദ്ധിയുള്ള ഒരു തല ശക്തമായ നൂറ് കരങ്ങളെക്കാൾ
നല്ലതാണ്.
-ഫുള്ളർ
◦ ഭാവന അറിവിനേക്കാൾ പ്രധാനമാണ്.
-ഐൻസ്റ്റിൻ

◦ മനസ്സമാധാനം ഇല്ലാത്തവൻ ആരെ പറ്റിയും നന്നായി സംസാരിക്കുകയില്ല.
-പ്ലൂട്ടാർക്
◦ യുവാക്കൾ ലോകം നന്നാക്കാൻ ശ്രമിക്കും വൃദ്ധർ യുവാക്കളെ നന്നാക്കാൻ ശ്രമിക്കുന്നു.
-വില്യം ഓസ്ലർ

◦ രാജ്യത്തിന്റെ ക്ഷേമം പരിഗണിക്കുന്നവൻ കടമ നിർവഹിക്കുന്നു.
-ഹാവാർഡ്
◦ലാളിത്യമാണ് മഹത്വം.
-എമേഴ്സൺ
◦ വാക്കുകൾ എത്രയും കുറഞ്ഞിരിക്കുന്നുവോ, അത്രയും നന്നായിരിക്കും പ്രാർത്ഥന.
-മാർട്ടിൻ രാജാവ്
◦ ശിശുക്കളുടെ ഭാവി മാതാക്കളുടെ കരങ്ങളിലാണ്.
-നെപ്പോളിയൻ
◦ സത്യസന്ധതയാണ് ഏറ്റവും നല്ല നയം.
-ഫ്രാങ്ക്ളിൻ
◦ ഹൃദയം ശരിപെടാത്തവന്റെ തലയും ശരിയല്ല.
-യുങ്ങ്


Bini Rose Sebastian
IX B

# ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ



## ആൻ ഫ്രാങ്ക്

ലോക മനസാക്ഷിയെ പിടിച്ചുലയ്ക്കുകയും സാന്ത്വനിപ്പിക്കുകയും പ്രത്യാശാനിർഭരമാക്കുകയും ചെയ്ത് ആൻ ഫ്രാങ്ക് എന്ന പെൺകുട്ടിയുടെ ഡയറിക്കുറിപ്പുകളാണ് ഇത്. ഡച്ച് പ്രവാസി ഗവൺമെന്റിലെ അംഗമായിരുന്ന ഗെറിറ്റ് ബോൾക്കെസ്റ്റീൻ ഒരിക്കൽ ലണ്ടനിൽ നിന്ന് നടത്തിയ റേഡിയോ പ്രക്ഷേപണത്തിൽ ജർമ്മൻ അധീനതയിൽ തങ്ങൾ അനുഭവിക്കുന്ന യാതനകൾ കുറിച്ചു വയ്ക്കാൻ തന്റെ നാട്ടുകാരോട് അഭ്യർത്ഥിക്കുന്നു. യുദ്ധാനന്തരം അത് പ്രസിദ്ധപ്പെടുത്തുമെന്നും ആ അറിയിപ്പിലുണ്ടായിരുന്നു. ഇതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഒരു പതിമൂന്നുവയസ്സുകാരി തന്റെ ചിന്തകൾ, വികാരങ്ങൾ, നിരീക്ഷണങ്ങൾ, വിശ്വാസങ്ങൾ എല്ലാം തന്റെ ഏറ്റവുമടുത്ത സുഹൃത്തായ കിറ്റി എന്ന ഡയറിയുമായി പങ്കിടാനാരംഭിക്കുന്നു.





ജീവിതത്തിന്റെ ഏറ്റവും ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽ പോലും മനുഷ്യ സ്നേഹവും ആത്മവിശ്വാസവും കൈവിടാതെ ഹൃദയവും ശിരസ്സും ഉയർത്തിപ്പിടിച്ച് ജീവിതത്തെ അഭിമുഖീകരിക്കാൻ ഈ കൃതി പ്രേരിപ്പിക്കുന്നു. 1942 ജൂൺ 12 മുതൽ 1944 ആഗസ്റ്റ് 1 വരെയുള്ള ഈ കുറിപ്പുകൾ ലേഖികയുടേതു മാത്രമല്ല. വേട്ടയാടപ്പെട്ട ഒരു സമൂഹത്തിന്റെ രോദനം കൂടിയാണ്.

NIYA JOBIN
IX B

# CARTOON DRAWINGS












Bileetta Binoy
9 A

# Cold night



The air was so cold as the hearts of these men
No one's eyes showed a little bit mercy
Only my head was warm with thoughts
Of these nights how I survived em
Shivering body isn't new to me now
Scenery is right in front of me
But I couldn't even spare a glance.
It's cold my eyes are froze, I hope I had
A shelter to live... even in dreams
I'm alone in my thoughts which messed up
But suddenly I felt two things closed
Two eyes...and then the only warmth left my soul
So my heartbeat stopped….




Debora Yugesh
9C

# പ്രകൃതി സംരക്ഷണം



പ്രകൃതിയെ നിലനിർത്തുന്നതിൽ വനങ്ങൾക്ക് സുപ്രധാനമായ പങ്കുണ്ട്. അത് സംരക്ഷിക്കേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയാണ്.

ആദിമമനുഷ്യൻ കാടുമായി ബന്ധപ്പെട്ട ജീവിതമാണ് നയിച്ചിരുന്നത്. ജനങ്ങൾ വർദ്ധിച്ചപ്പോൾ കാടുവെട്ടിത്തെളിച്ച് നാടാക്കി കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. വന്യജീവികളുടെ വംശനാശത്തിനും അമൂല്യമായ വൃക്ഷങ്ങളുടെ നാശത്തിനും കാരണമായി ഈ വനനശീകരണം. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു ഇത് തടയേണ്ടത് നമ്മുടെ കടമയാണ്.

പ്രകൃതി നമ്മുടെ അമ്മയാണ്. അമ്മേ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. നമുക്ക് കിട്ടിയ വരദാനമാണ് പ്രകൃതി. സകല ജീവജാലങ്ങളുടേയും ആവാസവ്യവസ്ഥ നിലകൊള്ളുന്നത് പ്രകൃതിയെ ആശ്രയിച്ചാണ്. പക്ഷേ നാം പ്രകൃതിയെ പലവിധത്തിലും ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ദുരന്തങ്ങളാണ് നാം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത് . നമ്മുടെ ആരോഗ്യകരമായ ജീവിതത്തിനായി നമ്മുടെ ദൈവം പ്രകൃതിയെ സൃഷ്ടിച്ചിരിക്കുന്നത്.



നാം ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളും പ്രകൃതിയുടെ സ്വത്താണ്. അത് നാം നശിപ്പിക്കാനോ, നഷ്ടപ്പെടുത്താനോ പാടില്ല.

Jaimol Joby
9 B

# ഭാരതത്തിലെ മുത്തശ്ശിക്കഥകൾ



'ഭാരതത്തിലെ മുത്തശ്ശിക്കഥകൾ' എന്ന ലഘു പുസ്തകത്തിൽ 26 കഥകൾ ആണ് ഉള്ളത്. ഈ പുസ്തകത്തിൽ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വായിച്ചാസ്വദിക്കാവുന്ന, വിശിഷ്ടകഥകൾ അടങ്ങിയിട്ടുണ്ട്.ഇതിൽ എനിക്ക് ഇഷ്ടപ്പെട്ടത്,കള്ളന് കിട്ടിയ ശിക്ഷ എന്ന കഥയാണ്. തമിഴ് നാട്ടിലെ ഒരു ചെറിയ ഗ്രാമത്തിലാണ് രാമചന്ദ്രൻ എന്ന കച്ചവടക്കാരൻ ജീവിച്ചിരുന്നത്. അയാൾക്ക് രണ്ട് ഭാര്യമാരുണ്ടായിരുന്നു.എല്ലാ ദിവസവും രണ്ട് ഭാര്യമാരും തമ്മിൽ വഴക്കായിരുന്നു. അയാൾക്ക് ഒരു വീട് മാത്രമേ ഉണ്ടായിരുന്നുള്ളൂ,അതുകൊണ്ട് തന്നെ രണ്ടാം ഭാര്യയെ മുകളിലത്തെ നിലയിലും ആദ്യ ഭാര്യയെ താഴെത്ത നിലയിലുമാണ് താമസിപ്പിച്ചിരുന്നത്.ഒന്നിടവിട്ടദിവസങ്ങളിൽ അയാൾ രണ്ട് ഭാര്യമാരുടെയും കൂടെ ഭക്ഷണം കഴിച്ചു പോന്നു.തലേദിവസം രണ്ടാം ഭാര്യയോട് കൂടെയാണ് ഭക്ഷണം കഴിച്ചത് എന്നാലോചിക്കാതെ, ജോലികഴിഞ്ഞ് വന്നയുടൻ തന്നെ അയാൾ മുകളിലെയ്ക്ക് പോകാനായി കോണിപ്പടി കയറി എന്നാൽ ആദ്യ ഭാര്യ ഇതിനു സമ്മതിച്ചില്ല.അവർ തമ്മിൽ വലിയ വഴക്കായി,ആദ്യ ഭാര്യ അയാളെ താഴേക്കും രണ്ടാം ഭാര്യ മുകളിലേക്കും പിടിച്ച് വലിച്ചുകൊണ്ടേയിരുന്നു. രാമചന്ദ്രൻ അധിയായ വേദന കാരണം ഉറക്കെ നിലവിളിച്ചുകൊണ്ടേയിരുന്നു.ഈ സമയം ഒരു കള്ളൻ ആരും കാണാതെ വീട്ടിൽ കയറിപ്പറ്റിയിരുന്നു. എല്ലാവരും ഉറങ്ങിയ ശേഷം കക്കാൻ വേണ്ടി അവൻ കട്ടിലിന്റെ അടിയിൽ ഒളിച്ചിരുന്നു. വീട്ടിലെ ബഹളം കാരണം നാട്ടുകാർ ഓടി കൂടിയിരുന്നു.


ഈ സമയം രക്ഷപ്പെടാൻ ആവാതെ കള്ളൻ പിടിക്കപ്പെട്ടു. നാട്ടുകാർ ചേർന്ന് അയാളെ രാജാവിന്റെ മുമ്പാകെ ഹാജരാക്കി. രാജാവ് രാമചന്ദ്രനോട് എങ്ങനെ ഉള്ള ശിക്ഷയാണ് കള്ളന് നൽകേണ്ടത് എന്ന ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു, എന്റെ വീട്ടിൽ താമസിക്കാൻ അനുവാദിക്കണം എന്ന് പറഞ്ഞു. കള്ളൻ ആ കുടുംബത്തിൽ നടന്ന കാര്യങ്ങളെല്ലാം കണ്ട വ്യക്തി ആണ് അതുകൊണ്ട് തന്നെ അയാൾക്ക് ആ വീട്ടിൽ താമസിക്കാൻ ഇഷ്ടം അല്ലായിരുന്നു.രാജാവ് അവന്റെ ശിക്ഷ നടപ്പാക്കാനുള്ള കാര്യങ്ങൾ സേവകർക്ക് വിട്ടുകൊടുത്തു... ഇതുപോലുള്ള കഥകൾ കുട്ടികൾ വായിക്കുന്നത് നല്ലതായിരിക്കും

Aleenamol Mathew
IX B

# അമ്മ



ആദ്യക്ഷരം കുറിക്കാൻ പഠിപ്പിച്ച
അച്ഛനെന്ന് വിളിക്കാൻ പഠിപ്പിച്ച
അമ്മിഞ്ഞപാലിന്നാൽ സ്നേഹം നുക
രുന്ന സത്യ സ്വരുപിനിയാണെന്നമ്മ



വാക്കിലും നോക്കിലും കടൽപോലെ
കവിത പോലെ
പഴമൊഴിപോലെയാണെന്നമ്മ
കണ്ണീർ പെരുമഴയിൽ കഥന കാലങ്ങളിൽ
കരുണ തുളുമ്പുന്ന
വാത്സല്യനിധിയാണെന്നമ്മ

സത്യമാണെനെനമ്മ സ്നേഹമാണ്
എന്ന് അമ്മ കാണിക്കണ്ട ദൈവം ആണ്
എന്ന് അമ്മ ആ അമ്മയ്ക്കായി
ഞാൻ സമർപ്പിപ്പു ഈ സമർപ്പണ ഗാനം...

Agnel Sonu

9 B

# കൊറോണ ക്വിസ്



*കൊറോണ വൈറസ് മനുഷ്യരിൽ ബാധിക്കുന്നതായി ഔദ്യോഗ്യമായി കണ്ടെത്തിയ ദിവസം ഏതു?
ഉത്തരം :2019 ഡിസംബർ 31
*ചൈനയിൽ ആദ്യമായി കോവിഡ് മരണം റിപ്പോർട്ട്ചെയ്യപ്പെട്ട ദിവസം?
ഉത്തരം :2020 ജനുവരി 11
*ഇന്ത്യയിൽ ആദ്യമായി കോവിഡ് കേസ് റിപ്പോർട്ട്ചെയ്യപ്പെട്ട ദിവസം?
ഉത്തരം :2020 ജനുവരി 30
*കൊറോണ വൈറസിനെതിരെ പരീക്ഷണഘട്ടത്തിട്ടുള്ള വാക്സിൻ?
ഉത്തരം :mRna-1273
*PCR ടെസ്റ്റിന്റെ പൂർണരൂപം?
ഉത്തരം :പോലീമെറസ് ചെയിൻ റിയാക്ഷൻ
*കോവിഡ് -19 വാക്സിൻ ആദ്യമായി മനുഷ്യരിൽ പരീക്ഷിക്കുന്ന രാജ്യം?
ഉത്തരം :യൂഎസ്
*കൊറോണ വൈറസ് ബാധ കണ്ടെത്തുന്നതിനായുള്ള ആന്റി ബോഡി ടെസ്റ്റ്വികസിപ്പിച്ചെടുത്ത രാജ്യം?
ഉത്തരം : സിങ്കപ്പൂർ
*കോവിഡിനെ തുടർന്ന് ലോകാരോഗ്യ സംഘടന ആരോഗ്യ അടിയാധരാ വസ്ഥ പ്രഖ്യപിച്ച ദിവസം?
ഉത്തരം :2020 മാർച്ച്11

Namitha Reji
9 A

# DRAWINGS





Mariya Richard

7 A

# ഈസോപ്പു കഥകൾ



## ഈസോപ്പ്

പാശ്ചാത്യലോകത്തെ ഏറ്റവും പ്രശസ്തനായ ജന്തു കഥാകാരനാണ് ഈസോപ്പ്. എല്ലാവരും അറിയേണ്ടതും പഠിക്കേണ്ടതുമായ ഒരു തത്ത്വം മുന്നറിയിപ്പോ ഉപദേശമോപോലെ കൂട്ടിയിണക്കുന്നതോടെ ആ കഥകളിലെ ജന്തുലോകം മനുഷ്യന്റെ പാഠപുസ്കങ്ങളായി തീരുന്നു. ലളിതമായിട്ടാണ് ഈസോപ്പിന്റെ ആഖ്യാനശൈലി. മനുഷ്യന്റെ പ്രവൃത്തി ദൂഷ്യങ്ങൾ, തട്ടിപ്പുകൾ, നന്ദിയില്ലായ്മ, കൗശലം, ആർത്തി, ദുര, അസൂയ, അഹന്ത, നന്മ, സ്നേഹം തുടങ്ങിയവയെല്ലാം ജന്തു രൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെടുന്നു. മനുഷ്യ സ്വഭാവത്തിന്റെ വിമർശനവും, ശരിയായ ജീവിതത്തിനു വേണ്ടിയുള്ള നിർദ്ദേശങ്ങളും, ആപത്തുകളെയും ദോഷങ്ങളെയും കുറിച്ചുള്ള മുന്നറിയിപ്പുകളും ഇവിടെയുണ്ട്.

ഈസോപ്പ് സൃഷ്ടിച്ച പലഗുണപാഠങ്ങളും നിത്യജീവിതത്തിന്റെ താക്കോൽ വാക്യങ്ങളായി മാറിയ പഴഞ്ചൊല്ലുകളായി ഉയർന്നിട്ടുണ്ട്. മുന്തിരിങ്ങ പുളിക്കുമെന്നു പറഞ്ഞ ആ കുറുക്കനെയും പുൽത്തൊട്ടിയിലെ നായയെയും ചെന്നായ വരുന്നേയെന്നു നിലവിളിച്ച ഇടയച്ചെറുക്കനെയും ഓർത്താൽ മതി.

സ്വാർത്ഥത ഉപേക്ഷിക്കുവാനും സഹവർത്തിത്വം പുലർത്തുവാനും അന്യന്റെ മുതൽ ആഗ്രഹിക്കാതിരിക്കാനും ആഹ്വാനം ചെയ്യുകയാണ് ഈസോപ്പ്. തമാശയ്ക്കൊപ്പം പഠിപ്പിക്കലിന്റെ ഒരംശം കൂടി അതിലുണ്ട്. ചെളിയിൽ നിന്നു താമര വിരിയുന്നതു പോലെ അന്യായങ്ങളുടെയും ദുഷ്ടതകളുടെയും വിഡ്ഢിത്തരങ്ങളുടെയും ലോകത്തു നിന്ന് നന്മയുടെയും സദ്ബുദ്ധിയുടെയും പൂക്കൾ വിടർത്താനാണ് ഈസോപ്പ് ശ്രമിച്ചത്.

നേഹ ജോബിൻ<br>X A

# ബാലവേല



കൊച്ചുകുട്ടികളെകൊണ്ട് പണിയെടുപ്പിക്കുന്നത് കുറ്റകരമായി പ്രഖ്യപിച്ചിട്ടുണ്ട്. എങ്കിലും നാട്ടിൽ മിക്കയിടങ്ങളിലും ബാലവേല ഇന്നും തുടരുന്നു. പതിനാല് വയസ്സിൽ താഴെയുള്ള കുട്ടികളെ കൊണ്ട് പണിയെടുപ്പിക്കുന്നതാണ് ബാലവേല എന്ന് പറയുന്നത്. കുട്ടികളെ കൊണ്ട് പണിയെടുപ്പിച്ച തുച്ഛമായ കൂലി കൊടുക്കുന്ന തൊഴിലുടമകൾ ലാഭമായി കരുതുന്നു. ഏതൊരു കുട്ടിക്കും ആരോഗ്യവും വിദ്യാഭ്യാസവും ലഭിക്കണമെന്ന് നമ്മുടെ നാട്ടിൽ നിയമങ്ങളുണ്ട്.ഇവ പലപ്പോഴും ബാലവേല ചെയ്യുന്ന കുട്ടികൾക്ക് ലഭിക്കുന്നില്ല. ഗ്രാമകളെന്നോ നഗരങ്ങളെന്നോ ഭേദമില്ലാതെ വീടുവീടാന്തരം കയറിയിറങ്ങി കുട്ടികളെ കൊണ്ട് കച്ചവടം നടത്തുന്നന്നവരുമുണ്ട് നമ്മുടെ സമൂഹത്തിൽ. ബാലവേല നിരോധിക്കുന്നതിനെക്കു റിച്ച് പൊതുജനങ്ങളുടെ ഇടയിൽ ബോധവത്കരണം നടത്തേണ്ടത് അത്യാവശ്യമാണ്.

Namitha Reji

9 A

# അസ്തമയസൂര്യൻ




ചെമഞ്ഞ പാറിച്ച് സൂര്യദേവൻ
പടിഞ്ഞാറോട്ട്മറയുമ്പോൾ,
ഓർക്കുക അന്തി വെയിലേറ്റ് നാം ഊർജ്ജസ്വലരാകുമ്പോൾ
ഓർക്കുക, നാം സൂര്യൻറെ  മായാലീലകൾ
ശൈത്യകാലം  എത്തിയാൽ നമുക്ക് ആസ്വദിക്കാനാവില്ല
നുകരാനാവില്ല ഈ മായാലീലകൾ,
പ്രകൃതിതൻ പുണ്യമായി ജന്മമെടുത്ത സൂര്യനെ
നാം  മറക്കരുത് ഒരു നാളിലും,
സൂര്യ രശ്മികളാൽ ധന്യയാകും ഭൂമി
നീ എന്തിന്  സൂര്യനെ മറക്കുന്നു? ,
നിൻ ഭംഗി തെളിച്ചു കാട്ടും സൂര്യനെ
നീ എന്തിന് വിണ്ണിലേക്ക്
പറഞ്ഞയക്കുന്നു?



Blessa Varghese
9B


# DRAWINGS






Aparna V A

9 A




# വില്ലനായി കോവിഡ് 19



സാർസ് എന്ന ഒരു വൈറസുമായി അടുത്ത ബന്ധമുള്ള

ഒരു വൈറസ് ആണ് കൊറോണ വൈറസ് . 2019-20 ൽ കൊറോണ രോഗം പൊട്ടിപുറപ്പെടുവാൻ കാരണം ഈ സാർസ് വൈറസാണ്. ചൈനയിലെ വുഹാനിലാണ് രോഗം ആദ്യമായി തിരിച്ചറിഞ്ഞത്.രോഗം ബാധിച്ച ആളുകൾ തുമ്മുമ്പോഴോ ചുമക്കുമ്പോഴോ ഉണ്ടാകുന്ന ചെറിയ തുള്ളികൾ വഴിയാണ് ഇത് ആളുകൾക്കിടയിൽ പകരുന്നത്. വ്യക്തി ശുചിതം പാലിക്കുക, രോഗ ബാധിതരിൽ നിന്നും അകലം പാലിക്കുക, ഹസ്തധാനം ഒഴിവാക്കുക, കൈകൾ ഇടക്കിക്കിടെ സോപ്പ് ഉപയോഗിച്ചു നന്നായി കഴുകുക, ആൾക്കൂട്ടം ഒഴിവാക്കുക എന്നിവ ആയിരുന്നു രോഗ പകർച്ച തടയാൻ ഉള്ള ഏക വഴികൾ. രോഗം ബാധിച്ചവരിൽ പനി, ചുമ, ശ്വസംമുട്ടൽ, തൊണ്ടവേദന തുടങ്ങി ലക്ഷണങ്ങൾ ഉണ്ടാവും.ഇത് ന്യൂമോണിയക്കും മറ്റു അവയവ സ്തംഭനത്തിനും കാരണമാകാം.

പ്രധാനമായും ഈ രോഗം ബാധിച്ചവർക്കു മണവും രുചിയും നഷ്ടമാവാം. എന്നാൽ ലക്ഷണങ്ങൾ ഒന്നും ഇല്ലാത്ത രോഗബാധിതരുമുണ്ട്.

ലോക ആരോഗ്യ സംഘടനയുടെ നയം പ്രകാരം 1 മുതൽ 14 ദിവസം വരെ ഇൻക്യൂബേഷൻ കാലമായി കണക്കാക്കുന്നു. രോഗബാധിതർക്ക് മണം നഷ്ടപെടുന്നതിനുള്ള കാരണം മുക്കിനുള്ളിലെ ഗന്ധം അറിയാൻ സഹായിക്കുന്ന കോശങ്ങളെ കോവിഡ് 19 ബാധിക്കുന്നു എന്നായിരുന്നു കണ്ടെത്തൽ.2019 ഡിസംബർ 31 ന് ചൈനയിലെ വുഹാൻ പട്ടണത്തിൽ നിരവധി പേരിൽ ന്യൂമോണിയ രോഗബാധ സ്ഥിതീകരിച്ചു. തുടക്കത്തിൽ രോഗ ബാധ യുടെ കൃത്യമായ കാരണം കണ്ടത്താനായില്ല.2020 ജനുവരി 9 ന് ചൈനയിലെ സെന്റർ ഫോർ ഡിസ്സ് കണ്ട്രോൾ ആൻഡ്പ്രെവെൻഷൻ പുതിയ ഒരിനം നോവൽ കൊറോണ വൈറസ് ആണ് രോഗം പടരാൻ കാരണമെന്ന് വിശദികരിച്ചു. അവിടെ നിന്നു വിവിധ രാജ്യങ്ങളിലേക്ക് രോഗം പകർന്നു.

2020 ജനുവരി 30 ന് ലോക ആരോഗ്യ സംഘടന 2019 -ncov എന്ന് വൈറസിന് പേര് നൽകി. 2020 ഫെബ്രുവരി 11 ന് ഇന്റർനാഷണൽ കമ്മിറ്റി ഓൺ ടാക്സോണമി ഓഫ് വൈറസ് വൈറസിനെ sars-cov-2 എന്ന് പേര് നൽകുകയും തുടർന്ന് ലോക ആരോഗ്യ സംഘടന ഈ വൈറസിനെ കോവിഡ് 19 എന്ന് നാമകാരണം ചെയ്തു. ലോകാരോഗ്യ സംഘടന ഈ രോഗത്തിനെതിരായി നിരവധി പ്രോട്ടോകോളുകൾ പ്രസിദ്ധീകരിച്ചു.പരിശോധനയ്ക് RT-PCR എന്ന ടെസ്റ്റ്ഉപയോഗിക്കുന്നു തൊണ്ടയിൽനിന്ന് എടുത്ത സ്രവ സാമ്പിളുകളിൽനിന്നാണ് പരിശോധന നടത്തുന്നത്. ഫലങ്ങൾ സാധാരണയായി ഏതാനും മണിക്കൂറുകൾക്കുള്ളിൽ ലഭ്യമാണ്. 50 ഉം അതിൽ കൂടുതലും പ്രായമുള്ളവർക്ക് മറ്റുള്ളവരെ അപേക്ഷിച്ചും മൂർച്ഛിക്കാൻ സാധ്യതയുണ്ട്. തീവ്രമായ രോഗം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ശ്വാസമെടുക്കാൻ ബുദ്ധിമുട്ടും മിനുട്ടിൽ മുപ്പതോ അതിലധികമോ കൃത്രിമശ്വാസം നൽകുമ്പോഴും രക്തത്തിൽ ഓക്സിജന്റെ അളവ് കുറയുമ്പോഴും ശ്വാസകോശംതിന്റെ പ്രവർത്തനം കുറയുമ്പോഴുമാണ്. ഉയർന്ന രക്തസമ്മർദം, പ്രമേഹം,

ഹൃദയവൈകല്യങ്ങൾ എന്നിവയുള്ളവർക്ക് രോഗസാധ്യത വളരെ കൂടുതലാണ്.

കോവിഡ് ബാധിതരുടെ രക്തം കട്ടപ്പിടിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്.കാലുകളിലെ ആഴത്തിലുള്ള സിരകളിൽ ഇത്തരം രക്തകാട്ടകൾ ഉണ്ടാവുകയും രോഗം മാറിവരുന്ന സമയത്ത് അവൻ ചലിച്ച് ഹൃദയം, ശ്വാസകോശം, തലച്ചോറ് തുടങ്ങി പ്രധാന അവയവങ്ങളിലേക്ക് എത്തുകയും ഈ ചലിക്കുന്ന രക്തക്കട്ടകൾ പിന്നീട് അറ്റാക്ക്, പക്ഷാഘാദവും തുടങ്ങി സംഗീർണ്ണ പ്രശ്നങ്ങളും ഉണ്ടാക്കി മരണം വരെ സംഭവിക്കാൻ കാരണമാകുന്നു. കോവിഡ് മാറിയ ശേഷവും മാസങ്ങൾനീണ്ടു നിൽക്കുന്ന കോവിഡ് എന്ന അവസ്ഥ പലർക്കും ഉണ്ട്. സന്ധിവേദന, നെഞ്ചുവേദന, ക്ഷീണം, ഉറക്കമില്ലായ്മ,വിഷാദം എന്നിവയൊക്കെ ഈ അവസ്ഥയുടെ ലക്ഷണങ്ങളാണ്. അമേരിക്കയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത്2020 ജനുവരി 13 ന് വൈറസ്ന് എതിരെ MRNA-1273 എന്ന വാക്സിൻ പരീക്ഷണത്തിനായി ഉപയോഗിച്ചു. കോവിഡ് 19 കാൻഡിഡേറ്റുകളുടെ ലിസ്റ്റ് ലോകാരോഗ്യ സംഘടന പ്രസിദ്ധീകരിച്ചു. ലോകത്തിലെ ആദ്യ കോവിഡ് വാക്സിൻ റഷ്യ 2020 ഓഗസ്റ്റ് 11 ന് പുറത്തിറക്കി.

Adithya K Shibu
9 A

# SLOGANS



* Save our mother nature our future become beautiful

* Did not pollute nature it will cause our future.

* Plant more trees then we can protect the greenary of nature.

* Do not disturb the wildlife of our nature.

* Do not level hills. It will cause landslide.

* Pollution of water, air, soil may cause different changes in our nature.

* When we pollute our nature she will become angry one day.

* Avoid plastic. Reduce, Reuse, Recycle.

* Provide natural resources for future.

ANUMOL GEORGE
9B




# മൊബൈൽ ഫോണിന്റെ ചതിക്കുഴികൾ



ഇന്നത്തെ തലമുറയിൽ മൊബൈൽ ഫോൺ കൊണ്ട് ഉണ്ടാകുന്ന കെണികളെ കുറിച്ചാണ് എനിക്കു പറയാൻ ഉള്ളത്. മൊബൈൽ വളരെ നല്ലതാണ് -'അത് ശെരിയായ രീതിയിൽ ഉപയോഗിക്കുന്നവർക് മാത്രം '.'അല്ലാത്തവർക്ക് ദുരുപയിഗിക്കാനും '. മൊബൈലിന് ഒരുപാട് നല്ല കാര്യങ്ങൾ ഉണ്ട് .
ദൂരെ താമസിക്കുന്നവർക് വീട്ടിൽ ഉള്ള ആൾക്കാരെ കണ്ട് സംസാരിക്കാൻ , ഓൺലൈൻ ബാങ്കിംഗ് , ഗെയിംസ് , ഏത് സിനിമകളും ഏത് സമയത്തും നമുക്ക് കാണാം , അറിയില്ലാത്ത കാര്യങ്ങൾ ഓൺലൈൻ ആയി പഠിക്കാനെല്ലാം മൊബൈൽ ഫോൺ നമ്മുക്ക് ഉപകാരപ്രദം ആണ് . പക്ഷെ ഈ ഇടയായി മൊബൈൽ

ഫോണുകളുടെ ദൂരപയോഗം വളരെ കൂടുതൽ ആണ് . പ്രേത്യേകിച് ഈ കൊറോണ കാലഘട്ടത്തിൽ .
ഈ കാലത്ത് ഏറ്റവും കൂടുതൽ ഫോൺ ഉപയോഗിക്കുന്നത് കുട്ടികൾ ആണ് കാരണം സ്കൂളുകളിൽ പോകാൻ കഴിയാത്ത സാഹചര്യം ആയിരുന്നത്കൊണ്ട് ഓൺലൈൻ ആയിരുന്നു ക്ലാസുകൾ ജോലിക്ക് പോകേണ്ട മാതാപിതാക്കൾ കുട്ടികൾക്ക് സ്വന്തമായി മൊബൈൽ ഫോൺ വാങ്ങി കൊടുത്തു.

പിന്നെ പറയാൻ ഉണ്ടോ എല്ലാം അതിൽ ആയി . പുറത്ത് ഇറങ്ങാൻ മേലാത്ത സാഹചര്യം , പിന്നെ കുട്ടികൾ അവരുടെ സന്തോഷം മൊബൈൽ ഫോണുകളിൽ ആണ് കണ്ടെത്തിയത് . മൈതാനത്തു കളിക്കുന്ന ക്രിക്കറ്റും , ഫുട്ബോളും വരെ ഇപ്പോൾ മൊബൈൽ ഫോണിൽ കളിക്കാം . ഫോണിന്റെ ചതിക്കുഴികളിൽ ഏറ്റവും കൂടുതൽ വിഴുന്നത് കുട്ടികളും , മുതിർന്നവരും, ആണ് അതിൽ ഏറ്റവും കൂടുതൽ പെൺകുട്ടികളും ആണ് . ഇപ്പോൾ കുട്ടികൾ കൂടുതൽ ഉപയോഗിക്കുന്നത് യൂട്യൂബ് , ഇൻസ്റ്റാഗ്രാം , ഫേസ്ബുക് , വാട്സ്ആപ്പ് -ഇത് നാളുംകൊണ്ടുള്ള ദുരുപയോഗം ആണ് കൂടുതൽ . യൂട്യൂബിൽ അനാവശ്യ വീഡിയോകൾ കാണുക , ഇൻസ്റ്റാഗ്രാമിലുടെയും , ഫേസ്ബുക്കിലുടെയും , വാട്സപ്പിലൂടെയും , മറ്റുള്ളവർ ആയി ചാറ്റ് ചെയ്യുകയാണ് . പെൺകുട്ടികൾ പല ആൺകുട്ടികളുടെയും ചാറ്റിങ്ങിലൂടെ പ്രണയത്തിൽ വീഴുകയും പതുക്കെ പതുക്കെ അവരുടെ അവസ്ഥകൾ പറഞ്ഞു പെൺകുട്ടികളുടെ കയ്യിൽ നിന്നും പണം വാങ്ങുക പിന്നെ മാതാപിതാക്കൾ ഇല്ലാത്ത സമയത്ത് പെൺകുട്ടികളുടെ വീട്ടിൽ വരുകയും അവരെ പീഡിപ്പിക്കുകയും പിന്നെ ചാറ്റിംഗിലൂടെ അനാവശ്യ ചിത്രങ്ങൾ ചോദിക്കുകയും ഒക്കെ .ഈ ലോക്കഡോൺ കാലം തുടങ്ങിയതിൽ പിന്നെ പല പെൺകുട്ടികളും പ്രണയത്തിൽ ആയവർ ആണ് . അതിൽ അനാവശ്യമായി പ്രണയിക്കുന്നവരും ആത്മാർത്ഥമായി പ്രണയിക്കുന്നവരും ഉണ്ട് . യൂട്യൂബിലൂടെ അനാവശ്യ വീഡിയോകൾക്ക് അടിമ

പെടുന്നവർ ഉണ്ട് . പിന്നെ ഫേസ്ബുക്കിലുടെ പണം തട്ടിപ്പുകൾ നടക്കുന്നുണ്ട് . ജോലി വാക്ധാനം ചെയ്ത് പണം വാങ്ങിച്ച് തട്ടിപ്പ് നടത്തുന്നവർ ഉണ്ട് . ഗെയിംസ്കളിൽ അടിമപ്പെടുന്ന കുട്ടികൾ കൂടുതൽ ആണ്. "പബ്ജി ", ഫ്രീ ഫയർ "മുതലായ ഗെയിംസ്ന് അഡിക്റ്റ് ആയ കുട്ടികളെ പഴയ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരാൻ വളരെ അധികം ബുദ്ധിമുട്ട് ആണ് .

മൊബൈൽ ഫോൺ നോക്കാം പക്ഷെ അതിൽ അടിമപ്പെടാതെ ഇരിക്കുക .അതിൽ നല്ല ഗുണങ്ങളെ മാത്രം ശ്രദ്ധിക്കുക അല്ലെങ്കിൽ പിന്നെ ജീവിതകാലം മുഴുവൻ അതോർത്തു ദുഃഖിക്കേണ്ടി വരും .


നന്ദന സുന്ദരേഷ്
IX A

# പുഞ്ചിരി



മൺത്തരികൾ പൂക്കൾ
വിടർത്തുമ്പോൾ
നേരമില്ലാതോടുന്ന ലോകത്ത്
മന്ദഹാസം വിടർത്താൻ
ആർക്കാണ് നേരം

ജീവിത തിരക്കിനിടയിൽ
നെട്ടോട്ടമോടുന്ന നേരം
ചെറുതെങ്കിലുമൊരു
പുഞ്ചിരി വിടർത്തുന്നവർ
ലോകത്തിന് മൺത്തരികൾ




ചിരി ഒരു മെഴുതിരിവെട്ടം
സ്വയമുരുകുമ്പോഴും
സഹജർക്ക് പ്രകാശം
പകരാൻ ശ്രമിക്കും
ദീപശിഖയാണ് നീ

നീ പകരുമാവെട്ടം
നിലനിൽക്കേണ്ടത് തന്നെ
വഴിയൊരുക്കു
അത് ദീപ്തമാക്കൂ
പുഞ്ചിരിയെങ്ങും പരക്കട്ടെ

**M**aria Babu
7 B




# പ്ലാസ്റ്റിക് രഹിത ഭാവി



## പ്ലാസ്റ്റിക്ക് എന്ന മഹാവിപത്ത്

ലോകം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പാരിസ്ഥിതിക പ്രശ്നം ഏത് എന്ന ചോദ്യത്തിന് ആദ്യത്തെ ഉത്തരങ്ങളിലൊന്നാണ് പ്ലാസ്റ്റിക്. നാം കഴിക്കുന്ന ഭക്ഷണത്തിലും, കുടിക്കുന്ന വെള്ളത്തിലും, എന്തിനേറെ പറയുന്നു ശ്വസിക്കുന്ന വായുവിൽ പോലും ഇന്ന് പ്ലാസ്റ്റിക്കിന്റെ സാന്നിധ്യമുണ്ട്. ജീവിതത്തിന്റെ വിവിധ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ പ്ലാസ്റ്റിക്കിന് കഴിഞ്ഞിട്ടുണ്ട്. ഉപകാരിയായ പ്ലാസ്റ്റിക് ഉപദ്രവകാരി കൂടിയാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

## പേടിപ്പിക്കുന്ന കണക്കുകൾ

സി.പി.സി.ബി യുടെ 2018-19 റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ പ്രതിവർഷം 3.3 മെട്രിക്ടൺ പ്ലാസ്റ്റിക് മാലിന്യം ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ഐക്യരാഷ്ട്ര സംഘടനയുടെ കണക്കുകൾ അനുസരിച്ച് ഓരോ മിനിറ്റിലും ഓരോ പ്ലാസ്റ്റിക് കുപ്പികൾ വിൽക്കപ്പെടുന്നു. പ്രതിവർഷം 5 ട്രില്യൺ പ്ലാസ്റ്റിക് ബാഗുകൾ ഉപയോഗിക്കപ്പെടുന്നു. ലോകത്തിലെ പകുതിയോളം പ്ലാസ്റ്റിക് ഏഷ്യയിൽ നിന്നാണ് എന്നത് ഞെട്ടിക്കുന്ന സത്യമാണ്.

ലോകത്തിലേക്കുള്ള പ്ലാസ്റ്റിക്കിന്റെ സംഭാവനയിൽ നമ്മുടെ രാജ്യമായ ഇന്ത്യയും നമ്മുടെ സംസ്ഥാനമായ കേരളവും ഒട്ടും പിന്നിലല്ല എന്നതാണ് യാഥാർത്ഥ്യം.

## മഹാമാരിയും പ്ലാസ്റ്റിക്കും

കോവിഡ് -19 മഹാമാരിയുടെ വ്യാപനം തടയാനായി ഏർപ്പെടുത്തിയ ലോക്ഡൗൺ ഹരിതഗൃഹ വാതകങ്ങളുടെ അളവിൽ കുറവ് വരുത്തിയെന്നും വായുവിന്റെ നിലവാരം വർദ്ധിച്ചുവെന്നും ഒക്കെ നാം കേൾക്കുകയുണ്ടായി. എന്നാൽ, പ്ലാസ്റ്റിക് ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യമാണ് കാണാൻ സാധിക്കുന്നത്. മാസ്കുകളും, സാനിറ്റൈസർ കുപ്പികളും, പി.പി.ഇ കിറ്റുകളുമൊക്കെ പരക്കെ ഉപയോഗിക്കപ്പെടുന്നു എന്നതാണ് ഇതിന് കാരണം. സിംഗപ്പൂരിൽ എട്ട് ആഴ്ച നീണ്ടു നിന്ന അടച്ചുപൂട്ടലിൽ 1,470 ടൺ അധികം പ്ലാസ്റ്റിക് മാലിന്യം ഉൽപാദിപ്പിക്കപ്പെട്ടു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

## ജനപ്രിയം പ്ലാസ്റ്റിക്

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ കണ്ടുപിടുത്തങ്ങളിൽ ഒന്നായ പ്ലാസ്റ്റിക്, ഉപയോഗിക്കാൻ സൗകര്യപ്രദവും കാണാൻ ആകർഷകവുമാണ്. ഏതു രൂപത്തിലും വലിപ്പത്തിലും നിർമിക്കാൻ കഴിയുന്ന പ്ലാസ്റ്റിക്കിന് വിലയും കുറവാണ്. ഇത്രയും ഉപകാരപ്രദമായ പ്ലാസ്റ്റിക് ഉപേക്ഷിക്കാൻ ജനങ്ങൾക്ക് വിമുഖതയുണ്ട്.

## പ്ലാസ്റ്റിക് ഉപയോഗത്തിന്റെ ഇരുണ്ട വശം

ജൈവവിഘടനപ്രക്രിയയ്ക്കു വിധേയമായി മണ്ണിൽ ലയിച്ചു ചേരുന്നില്ല എന്നുള്ളതാണ് പ്ലാസ്റ്റിക്കിന്റെ ഏറ്റവും വലിയ ന്യൂനത. പല പ്ലാസ്റ്റിക് പദാർത്ഥങ്ങളുടെയും മലിനീകരണ സാധ്യതകൾ ഇനിയും കണ്ടെത്തിയിട്ടില്ല. മണ്ണിന്റെ ഫലഭൂയിഷ്ഠി നഷ്ടമാവുന്നതിന് പ്ലാസ്റ്റിക് കാരണമാവുന്നു. നാം ദിവസവും വലിച്ചെറിയുന്ന പ്ലാസ്റ്റിക് ചെന്നെത്തുന്നത് ഓടകളിലും അഴുക്ക് ചാലുകളിലുമാണ്. ഇവ ചെറിയ മഴയിൽ പോലും വെള്ളപ്പൊക്കം ഉണ്ടാവുന്നതിനും കൊതുകുകൾ പോലുള്ള ജീവികൾ പെറ്റുപെരുകുന്നതിനും കാരണമാവുന്നു. നാം അശ്രദ്ധമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് ഉള്ളിൽച്ചെന്ന് മൃഗങ്ങൾ ചാവുന്നത് ഒരു നിത്യസംഭവമാണ്. പ്ലാസ്റ്റിക് കത്തിക്കുന്നത് കൊണ്ടുള്ള ദൂഷ്യങ്ങളും

വലുതാണ്.

# പ്ലാസ്റ്റിക് നിരോധനം

50 മൈക്രോണിൽ താഴെയുള്ള പോളിത്തീൻ ബാഗുകൾ ഇന്ത്യയിൽ ഇതിനോടകം നിരോധിച്ചിരിക്കുന്നു. 2022 ജൂലൈ 1 മുതൽ ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്കിന് സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ലോകത്ത് ഏറ്റവുമധികം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കാണ് പി.വി.സി. പല രാജ്യങ്ങളും ഇതിന്റെ ഉത്പാദനം നിർത്തലാക്കാനുള്ള ശ്രമത്തിലാണ്.

പ്ലാസ്റ്റിക് പരിസ്ഥിതിയെയും അതിലെ ജീവജാലങ്ങളെയും നശിപ്പിക്കും. സുഖത്തിനും ഭ്രമത്തിനും വേണ്ടി പ്ലാസ്റ്റിക് തിരഞ്ഞെടുക്കുന്നതിന് പകരം നമുക്കും ഭാവി തലമുറകൾക്കും വേണ്ടി അതിന്റെ ഉപയോഗം കുറയ്ക്കാൻ ശ്രമിക്കാം. പ്ലാസ്റ്റിക്കിന്റെ ഭീഷണിയിൽ നിന്ന് ലോകത്തെ മോചിപ്പിക്കുക എന്ന വലിയ ലക്ഷ്യത്തിനായുള്ള, ചെറുതെങ്കിലും മികച്ച ചുവടുവെപ്പുകളാവട്ടെ നമ്മുടെ പ്രവർത്തനങ്ങൾ

Ann Theresa Babu
10 B

# DRAWING








# ഒരു നിമിഷത്തേക്കായി മാത്രം




പ്രഭാതകിരണങ്ങൾ മുഖത്തേൽപ്പിക്കുന്ന വെളിച്ചത്താലാണ് അവൾ എഴുന്നേറ്റത്. ഇന്ന് പുതിയ സ്കൂളിലെ രണ്ടാമത്തെ ആഴ്ചയാണ്. പുതിയ കൂട്ടുകെട്ടുകളിലേക്കു അവളെയും കൂട്ടിക്കെട്ടിയ രണ്ടാമത്തെ ആഴ്ച. സ്കൂളിലെ ആദ്യത്തെ ആഴ്ചയായതിനാൽ ആവാം, കഴിഞ്ഞ ആഴ്ച അധ്യാപകർ ഒന്നും തന്നെ പഠിപ്പിച്ചില്ല. എല്ലാവരെയും പോലെ തന്നെ അത് ജെസ്സീക്കയ്ക്കും സന്തോഷമുള്ള കാര്യമായിരുന്നു. വെള്ളാരം കണ്ണുകളും ചുരുണ്ട മുടിയുമുള്ള ജെസീക്ക.

എല്ലാ ദിവസത്തെയും പോലെ തന്നെ ബസുമായുള്ള ഓടിപിടിത്തത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി അവൾ ഇന്നും സ്കൂളിലെത്തി. ഒരുപക്ഷെ ആ മത്സരത്തിൽ

അവൾക്കു രണ്ടാം സ്ഥാനം ആയിരുന്നെങ്കിൽ ജെസ്സിക്കയ്ക്കു ആ ബസ് കിട്ടില്ലായിരുന്നു. പഠനത്തിൽ തികച്ചും ശരാശരി ആയിട്ടുള്ള വിദ്യാർത്ഥിനിയായിരുന്നു അവൾ. പതിവുപോലെ അന്നും അസംബ്ലിക്കായി കുട്ടികളെ സ്കൂൾ മുറ്റത്തു ഹാജരാക്കി. പഴയ സ്കൂളിനെ സംബന്ധിച്ചു ഇത്രെയധികം ആളുകളുള്ള ഒരു അസംബ്ലിയിൽ പങ്കെടുക്കുന്നത് ജെസ്സിക്കയുടെ ജീവിതത്തിൽ പുതുമ നിറഞ്ഞതായിരുന്നു. വെയിലിന്റെ കാഠിന്യത്തിനു മുമ്പിലും അവളുടെ ചിന്ത മുഴുവനും പുതിയ സ്കൂളിനെക്കുറിച്ചും അവിടുത്തെ അംഗസംഖ്യയെക്കുറിച്ചും ആയിരുന്നു. അപ്പോഴാണ് തന്റെ ചിന്തകളെ തുളച്ചുകയറി ഒരു കാഴ്ച് അവൾ കാണുന്നത്. ഒരിക്കലും വലിയ പ്രാധാന്യമൊന്നുമില്ലാത്ത ഒരു ചെറുതും എന്നാൽ ജെസ്സിക്കയെ സംബന്ധിച്ചിടത്തോളം വലുതുമായ കാഴ്ച. ഒരു കുട്ടി വരി തെറ്റിച്ചു തന്റെ മുമ്പിൽ കയറി നിൽക്കുന്നു. എത്ര നിസ്സാരമായ പ്രസ്താവന. പക്ഷെ അവളെ സംബന്ധിച്ചിടത്തോളം അതു വലിയ കാര്യമായിരുന്നു. പഴയ സ്കൂളിൽ ഇല്ലാതിരുന്ന ഇങ്ങനെയൊരു വരി നിൽക്കാനുള്ള അവസരം ആദ്യമായി തുറന്നുകിട്ടിയപ്പോൾ അതു തികച്ചും ഭംഗിയാർന്നതായിരിക്കണമെന്നു ഒരുപക്ഷെ അവൾക്കു തോന്നികാണാം. വായുവേഗത്തിൽ ഈ വിവരം അവൾ അവളുടെ കൂട്ടുകാരിയുടെ ചെവിയിൽ മന്ത്രിച്ചു. അവർ രണ്ടുപേരും കൂടി ആ അച്ചടക്കമില്ലാത്ത കുട്ടിയെ പിടിച്ച് മുമ്പിൽ നീർത്തി. അതിനായി അവർ രണ്ടു വാക്കുകൾ മന്ത്രിച്ചു :"നീ നിൽക്കേണ്ടത് ഇവിടെയല്ല, മുന്നിൽ പോയി നിൽക്കു. " കുട്ടികളെ നിരയിൽ നിർത്താൻ കഷ്ടപ്പെടുന്ന ടീച്ചർക്ക് അതൊരു സഹായമായിരുന്നു.പക്ഷെ ആ കാക്കക്കൂട്ടത്തെ നിയന്ത്രിക്കാൻ കഷ്ടപ്പെടുന്ന ടീച്ചർ ആ ഇരമ്പലുകൾക്കിടയിലും കേട്ടത് അവർ സംസാരിച്ച ഈ രണ്ടു വാക്കുകളാണ്. ആ ഇരമ്പലുകളെ കീറിമുറിച്ചുകൊണ്ട് അവരുടെ വാക്കുകൾ അധ്യാപകന്റെ കാതുകളിലെത്തിയിരിക്കുന്നു. എന്തൊരത്ഭുതം. ഉടനടി ടീച്ചർ ജെസ്സിക്കയെ സ്റ്റേജിലേക്ക് വിളിപ്പിച്ചു. വർത്തമാനം പറഞ്ഞു എന്നാ കാരണത്താൽ . ചെയ്യാത്ത തെറ്റിന്റെ പേരിൽ സ്റ്റേജിൽ കയറി നിൽക്കേണ്ടി വന്ന അപമാനത്താൽ അവൾ പൊട്ടിക്കരഞ്ഞു. ആരോ പറഞ്ഞതുപോലെ ഒരു കുളം നിറയ്ക്കാനുള്ളത്രെ വെള്ളം ആ കണ്ണീരിലുണ്ടായിരുന്നു. അസംബ്ലി കഴിഞ്ഞു. കുട്ടികൾ പിരിഞ്ഞു പോയി. പക്ഷെ സങ്കടം മാത്രം ജെസ്സിക്കയുടെ

ഉള്ളിൽ ആണിതറച്ചതുപോലെ നിന്നു. അന്ന് ആ അസംബ്ളിയിലുണ്ടായിരുന്ന കുട്ടികൾ തന്നെ പറ്റി പറഞ്ഞ വാക്കുകൾ അവളുടെ കാതുകളിൽ ആരോ പിന്നെയും മന്ത്രിച്ചുകൊണ്ടിരുന്നു. അന്ന് ജെസീക്ക മനസ്സിൽ ഒരു പ്രെതിജ്ഞയെടുത്തു. ഇന്ന് തന്നെ സ്റ്റേജിൽ കയറ്റിനിർത്തിയ അതേ ടീച്ചർ തന്നെ ഒരിക്കൽക്കൂടി സ്റ്റേജിൽ കയറ്റി നിർത്തും. അതു അപമാനത്താൽ ആയിരിക്കരുത്.അഭിനന്ദിക്കാനാകണം.

ഒന്ന് ചിന്തിച്ചുനോക്കിയാൽ ആ അധ്യാപകൻ അവളെ ഒരിക്കലും അപമാനിച്ചിട്ടില്ല.അവർ അവരുടെ ജോലി ചെയ്തപ്പോൾ  അവൾ അപമാനിക്കപ്പെട്ടതായി സ്വയം തോന്നിയെന്ന് മാത്രം.

എന്തിരുന്നാലും തന്റെ പ്രതിജ്ഞ അവൾ നിറവേറ്റി. ശരാശരി വിദ്യാർഥിനിയായിരുന്ന അവൾ പഠിക്കുവാൻ തുടങ്ങി. തന്നെ സ്റ്റേജിൽ കയറ്റിനിർത്തിയ അതേ  അധ്യാപകന്റെ കയ്യിൽ നിന്നും അതേ സ്റ്റേജിൽ നിന്നുകൊണ്ട് അവൾ സമ്മാനങ്ങൾ വാരിക്കൂട്ടി. അധ്യാപകന്റെ ശിക്ഷണം അവളുടെ ജീവിതം തിരുത്തിക്കുറിച്ചു. ശരാശരി വിദ്യാർത്ഥിനിയായി തുടരേണ്ടിയിരുന്ന ജെസീക്ക പഠിക്കുവാൻ തുടങ്ങി. വെറും വാശിക്കുവേണ്ടി തുടങ്ങിയതാണെങ്കിലും ആ സംഭവം അവളുടെ മനസ്സിൽ ഹൃദയത്തിന്റെ ഉള്ളറയിൽ പതിഞ്ഞു.

നമ്മൾ ഒരു നിമിഷത്തേയ്ക്കുവേണ്ടി ചെയ്യുന്ന ഓരോ കാര്യങ്ങളും മറ്റുള്ളവരെ എത്രമാത്രം വേദനിപ്പിക്കും, സ്വാതീനിക്കും എന്നൊക്കെ നാം ചിന്തിച്ചുതുടങ്ങുന്നിടത്തുനിന്നനാണ് സന്തോഷത്തിന്റെ ആരംഭം ...

Anitta Chacko

9 C

# പരിസ്ഥിതി മലിനീകരണവും പ്രതിവിധിയും



ഇന്ന് ലോകമെമ്പാടും ഒരു വിഷയമാണ് പരിസ്ഥിതി മലിനീകരണം .ഇതിൽ വായു മലിനീകരണം , ജലമലിനീകരണം , ശബ്ദമലിനീകരണം തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു . മനുഷ്യർ ചെയ്യുന്ന പ്രവൃത്തിയുടെ ഫലമായാണ് ഇവയെല്ലാം സംഭവിക്കുന്നത് . വിദേശരാജ്യനാളിൽ മലിനീകരണത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാറുണ്ട് . അന്തരീക്ഷത്തിൽ ഉണ്ടാകുന്ന പല മൂലകങ്ങളുടെ പ്രവർത്തനം മൂലം ആസിഡ് മഴയും മറ്റും ഉണ്ടാകുന്നത് അന്തരീക്ഷത്തിന് കേടാണ് .



ജലാശയങ്ങളിലേക്ക് പ്ലാസ്റ്റിക്കും മറ്റും വലിച്ചെറിയുന്നത് ജലമലിനീകരണത്തിന് കാരണമാകുന്നു . ആ ജലം അങ്ങനെ ഉപയോഗശൂന്യമാവുകയും ചെയ്യുന്നു . ആ വെള്ളം ഉപയോഗിക്കുന്ന ജീവികൾക്ക് ആരോഗ്യപ്രശ്നങ്ങളും ഉണ്ടാവുന്നു . ഫാക്ടറിയിൽനിന്നും മറ്റും വരുന്ന പുക ശ്വസിക്കുന്നത് മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും നല്ലതല്ല . ഈ പുക വായു മലിനീകരണത്തിന് കാരണമാകുന്നു . കൂടുതലായും സിറ്റികളിലാണ് വായുമലിനീകരണം അനുഭവപ്പെടുന്നത് . വണ്ടികളിൽ നിന്നും പുറത്തുവരുന്ന പുകയും മറ്റു വാതകങ്ങളും ഇതിന് കാരണമാകുന്നു . ഇതുമൂലം അവിടങ്ങളിൽ ചൂട് കൂടുതലായി അനുഭവപ്പെടുന്നു . മനുഷ്യന്റെ അതിരറ്റ പ്രവർത്തനങ്ങൾ മൂലമാണ് മലിനീകരണം സംഭവിക്കുന്നത് .

ഇന്നത്തെ ജനത അനുഭവിക്കുന്ന ഏറ്റവും വലിയ ഭീഷണിയാണ് പരിസ്ഥിതി മലിനീകരണം . അതിന്റെ ഫലമായി സംഭവിക്കുന്ന ഒരു പ്രതിഭാസമാണ് ആഗോളതാപനം . ഇങ്ങനെ പല രീതിയിലും നമ്മുടെ ഭൂമി നശിച്ചുകൊണ്ടിരിക്കുകയാണ് .

## പ്രതിവിധികൾ

------------------------

പരിസ്ഥിതിക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ തടയുക . അനാവശ്യമായ ഫാക്ടറിനിർമാണങ്ങൾ നിർത്തലാക്കുക . അങ്ങനെയുള്ള ഫാക്ടറിയിലെ പുക അന്തരീക്ഷത്തിലേക്ക് കടത്തിവിടാതെ മറ്റെന്തെങ്കിലും മാർഗം അന്വേഷിക്കുക . ഇലക്ട്രിക്ക് കാറുകളും മറ്റും ഉപയോകിക്കുക . മാലിന്യങ്ങൾ തോന്നുന്നിടത് വലിച്ചെറിയാതെ അത് സംസ്കരിക്കാൻ കൃത്യമായ സൗകര്യങ്ങൾ ഉണ്ടാക്കുക . മലിനമായ പുഴകളും പരിസരങ്ങളുമെല്ലാം വൃത്തിയാക്കുക . പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക , അവ കത്തിക്കാതിരിക്കുക . ജീവന് ഭീഷണിയായ വാതകങ്ങളുടെ ഉപയോഗം നിർത്തലാക്കുക അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുക . ഫാക്ടറിമാലിന്യങ്ങൾ പുഴയിലേക്കും മറ്റു ജലാശയങ്ങളിലേക്കും ഒഴുക്കാതിരിക്കുക . ഇങ്ങനെ പലവഴിയിലൂടെ നമ്മുക്ക് പരിസ്ഥിതി മലിനീകരണം തടയാനാകും .



INDUBALA .R
9A



# ചെറുവിത്തിൻ മഹാമോഹം



മണ്ണിൽ ഒളിച്ചിരിക്കുന്ന
ചെറുവിത്തിനൊരു മോഹം
പൂഴിയിൽ നിന്നുമുയർന്നു
ചുറ്റുമുള്ളരു ലോകം കാണാൻ

തരുക്കളും താരകങ്ങളും
മയിലുകളും മാനവും
എല്ലാമെല്ലാം ഒരുമിച്ചു
വസിക്കുമൊരു ഉലകം കാണാൻ

അത്യഗാധങ്ങളിൽ
സുദീർഘമാം തപസ്സു ചെയ്ത്
വിത്തതു നേടി
ആ അമൂല്യ വരം

കുന്നോളം കിനാവുമായി
മനം നിറയെ മോഹവുമായി
മുളച്ചു പൊന്തിയ ഉദിച്ചു-
യർന്ന വിത്തെന്ത് കണ്ടു?

കണ്ണെത്തും ദൂരത്ത്
കെട്ടിടങ്ങൾ മാത്രം
ഇല്ല ഇല്ലില്ല ഒരിടത്തും
ഒരു പൂവോ തളിരോ പൂമ്പാറ്റയോ

പ്രാണവായുവിനായി
കേഴുന്നിത ജനം
എങ്ങോട്ടെന്നറിയാതെ
നീങ്ങുന്നു ലോകം

ഈ മരുഭൂമിയിൽ
ഞാൻ തനിച്ചോ
എന്ന നിരാശ
വരിഞ്ഞുമുറുകി

തീഷ്ണമാം ചൂടേറ്റ്
വാടികരിഞ്ഞ്
ആ ചെറുജീവൻ
പൊലിഞ്ഞു പോയി

Ann Theresa Babu
10 B




# നന്മയുടെ പ്രകാശം



ഒരു ദിവസം ഒരു അച്ഛനും മകനും കൂടി നടക്കാൻ പോവുകയായിരുന്നു നടക്കുന്ന വഴിയിൽ ഒരു ചെറിയ പാർക്ക് ഉണ്ട് പക്ഷേ ഇന്ന് പതിവിലും വിജനമായിരുന്നു കാരണം ഒരു കുട്ടിയെ പോലും കാണാൻ കഴിഞ്ഞില്ല പകരം അവിടെ നിറയെ ചവറുകൾ ആയിരുന്നു ആ പാർക്കിൽ മാലിന്യങ്ങൾ കാരണം തീവ്രമായ ദുർഗന്ധത്തിനാൽ അവിടെ കൂടെ നടക്കാൻ പോലും പാടായിരുന്നു അതുകൊണ്ട് അച്ഛൻ തന്റെ മകനോട് പറഞ്ഞു "മോനേ നമുക്ക് ഇവിടെ ഒന്ന് വൃത്തിയാക്കിയാലോ"?

അപ്പോൾ മകൻ ചോദിച്ചു "അച്ഛാ നമ്മൾ എന്തിനാ ഇവിടെ വൃത്തിയാക്കുന്നത്? ഇത് നമ്മുടെ സ്ഥലം ഒന്നും അല്ലല്ലോ"?

"മോനെ ഇത് നമ്മുടെ സ്ഥലം അല്ലെങ്കിലും നമ്മൾ ജീവിക്കുന്ന ഭൂമി സംരക്ഷിക്കുക എന്നത് നമ്മുടെ തന്നെ ഉത്തരവാദിത്വമാണ്"

'അച്ഛൻ പറഞ്ഞത് ശരിയാണ്'

അങ്ങനെ അവർ ആ പാർക്ക് വൃത്തിയാക്കാൻ തുടങ്ങി ആ നല്ല പ്രവൃത്തി കണ്ട് അവിടെയുണ്ടായിരുന്നവർ കൂടി അവർക്കൊപ്പം കൂടി പിന്നീട് അവർ ആ വഴിയിലൂടെ നടക്കുമ്പോൾ ആവൃത്തിയുള്ള പാർക്ക് അവർക്ക് കാണാൻ കഴിഞ്ഞത്

കൂട്ടുകാരെ,
ഈ ഒരു പ്രവൃത്തി നമുക്കും മാതൃകയാക്കാം

Anna Carmel John

5 A

# ജീവിതവും വിജയവും



ജീവിതം നാനാവിധ ദുഃഖസുഖങ്ങളാൽ
സമ്പന്നമാണല്ലോ.
ദുഃഖമാണ് ജീവിതത്തിന്റെ സ്ഥായിഭാവം എന്ന്
ചിലരെങ്കിലും വിശ്വസിക്കുന്നു. ജീവിതം കഷ്ടപ്പാടുകളും
ബുദ്ധിമുട്ടുകളും കൊണ്ട് നിറഞ്ഞിരിക്കുന്നു.
വിജയം ഏതൊരു വ്യക്തിയും ആഗ്രഹിക്കുന്നു. എന്നാൽ
അത് നേടാൻ പറശ്രമിക്കുന്നവർ ചുരുക്കമാണ്. സ്വയം
തിരിച്ചറിയുന്നവർക്ക് മാത്രമേ വിജയത്തിലേക്കു ചുവടു
വയ്ക്കാൻ ആകു. ചിട്ടയായ ജീവിതചര്യ രുപപെടുത്തുക,
കഴിഞ്ഞു പോയ വിജയപരാജയങ്ങളെ നമ്മുടെ
ഗുരുക്കന്മാറക്കുക അതായിരിക്കണം നമ്മുടെ പാട
പുസ്തകം. ദുഃഖചിന്തകളെ നമ്മിൽ വളരാൻ  നമ്മൾ
അനുവദിക്കരുത്. ലക്ഷ്യവും ഭാവണയും ഉള്ളവരെ തളർച്ച
ബാധിക്കില്ല. പരിശ്രമംഗളാണ് ഒരുവനെ ജീവിത
വിജയത്തിലേക്കു നടക്കാൻ പരിശീലിപ്പിക്കുന്നത്. ധീരമായ
ജീവിതത്തെ നമ്മൾ അഭിമുകീകരിക്കുമ്പോൾ ജീവിതം
സമ്പന്നമായി തീരും. ദുഃഖം മൂല ധനമാക്കി ജീവിച്ചവരാണ്
മഹാത്മാക്കൾ. അവരെ അനുകരിക്കാൻ നമ്മുക്ക്
ശ്രമിക്കാം.

Celesteena Joby
IX A

# ജീവിതം



യാത്രയിലാണ്  നാം  ജീവിതയാത്രയിൽ
സുഖദുഃഖ സമ്മിശ്രമം ജീവിതം
ഉയർച്ചതാഴ്ചകളുടെ ശബ്ദധ്വനികൾ അലയടിക്കും നമ്മൾ
തൻ കൊച്ചുജീവിതത്തിൽ

യാത്രയിലാണ് നാം ജീവിതയാത്രയിൽ
ദിശയറിയാത്തൊരു  ജീവിത യാത്രയിൽ
നേരമില്ലിന്ന് ജീവിക്കുവാനാർക്കുമേ
നെട്ടോട്ടമോടുന്നു എന്തിനു വേണ്ടിയോ

മായം കലർന്ന സ്നേഹവും
നിഴൽ വീണ ബന്ധങ്ങളും
സ്നേഹവും ബന്ധവും ഇട്ടെറിഞ്ഞ
മനുഷ്യജീവിതം മുന്നോട്ടെങ്ങനെ

തിരിച്ചറിവുമില്ല ഉണർന്നതും ഇല്ല
മതിവരുവോളം ജീവിച്ചതും ഇല്ല
നാണയം നെഞ്ചോട് ചേർത്തൊരു നേരം
സ്വന്തവും ബന്ധവും പോയി മറഞ്ഞ നേരം

ജീവിതത്തിൽ കൊച്ച് ആയുസ്സിൽ
കുറെ വർഷങ്ങൾ പോയി മറഞ്ഞു
ഇനിയെങ്കിലും പാരിൽ ഉള്ള കാലം   വേഷമണിയൂ പുതു
കഥാപാത്രങ്ങളായി
അരങ്ങേറുക ജീവിതത്തിൻ വേദിയിൽ

പ്രതിസന്ധികളിൽ പതറാതെ
ധൈര്യത്തോടെ നേരിടണം ജീവിതത്തിൻ പ്രതിസന്ധികളെ
ജീവിതത്തിൽ ഒരു മുഖം ഇതല്ലയോ


പല മുഖങ്ങളിൽ കാണും
പല വേഷങ്ങൾ നിറയും
പല ഭാവങ്ങളിൽ  ജ്വലിക്കും
ജീവിതമെന്ന വേദി

ജീവിതമെന്ന ചെറുതോണിയിൽ തുഴഞ്ഞ് തുഴഞ്ഞ്
സഞ്ചരിക്കൂ
പ്രതീക്ഷയോടെ യാത്ര ചെയ്യൂ
അക്കരെ നിത്യവും പച്ച തന്നെ

ദൈവം തൻ നിധി ജീവിതം
ആസ്വദിക്കൂ ഓരോ നിമിഷങ്ങളെയും
ജീവിതം എത്ര അർത്ഥ സുന്ദരമായ പദം
നമിക്കട്ടെ  ഞാനീ മണ്ണിൽ പിറന്ന തോർത്ത്

Melby Sandheev
IX C

# മയക്കുമരുന്നും മൊബൈൽ ഫോൺ ഉപയോഗവും കുട്ടികളിൽ



മയക്കുമരുന്നുന്നിന്റെ ഉപയോഗവും മൊബൈൽഫോണിന്റെ ഉപയോഗവും കുട്ടികളിൽ വലിയ പ്രശ്നങ്ങളാണ് ഇന്ന് സമൂഹത്തിൽ സൃഷ്ടിക്കുന്നത്. മയക്കുമരുന്നിന്റെ ഉപയോഗം ശാരീരികവും മാനസികവുമായ പ്രശ്നങ്ങളിലേക്ക് കുട്ടികളെ നയിക്കുന്നു. ഇതുമൂലം പലരും ക്രിമിനൽ സ്വഭാവമുള്ളവരായി മാറുന്നു.ഇതിന്റെ പ്രധാനപെട്ടെ കാരണം തെറ്റായ കൂട്ടുകെട്ടുകളാണ്. ആദ്യം കൗതുകത്തിനായി ഉപയോഗിക്കുന്ന മയക്കുമരുന്ന് വിദ്യാർത്ഥികളിലും യുവജനങ്ങളിലും അതിവേഗം വ്യാപിക്കുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന പല ആക്രമണങ്ങൾക്കും കാരണം കുട്ടികളിലുള്ള മയക്കുമരുന്നിന്റെ ഉപയോഗമാണ്. ഓരോ ദിവസത്തെയും പത്രങ്ങളിൽ മയക്കുമരുന്നിന്റെ കച്ചവട വാർത്തകളും പല യുവാക്കളെയും അറസ്റ്റ് ചെയ്തതായും നാം കാണാറുണ്ട്. ഇത് സൂചിപ്പിക്കുന്നത് മയക്കുമരുന്നിന്റെ കൂടുതലായുള്ള ഉപയോഗമാണ്.



മയക്കുമരുന്നിന്റെ ദോഷഫലങ്ങൾ
*ആരോഗ്യപ്രശ്നങ്ങൾ
*ഉറക്കമില്ലായ്മ
*വിഷാദരോഗം
*വ്യക്തിത്വവൈകല്യങ്ങൾ
*ഒന്നിലും താല്പര്യമില്ലായ്മ

മയക്കുമരുന്ന് നിർത്താനുള്ള വഴികൾ
*ബോധവത്കരണം
*മാനസിക പ്രശ്നങ്ങൾക്ക് ചികിത്സ തേടുക
*ഇഷ്ടപെട്ട വിനോദത്തിലേർപ്പെടുക
*എല്ലാവരുമായി സൗഹൃദത്തിലാകുക.

കുട്ടികൾ നേരിടുന്ന അടുത്ത ഒരു പ്രശ്നമാണ് മൊബൈൽഫോണിന്റെ ദുരുപയോഗം. ഇന്നത്തെ തലമുറ ഒരു ദിവസത്തിന്റെ പകുതിയിലേറെ സമയവും മൊബൈൽ ഫോണുകൾക്കൊപ്പമാണ് ചിലവഴിക്കുന്നത്. പലപ്പോഴും ചെറിയ കുട്ടികളുടെ വാശി അവസാനിപ്പിക്കാൻ മുതിർന്നവർ ചെയ്യുന്ന എളുപ്പമാർഗമാണ് മൊബൈൽഫോൺ കൊടുക്കുക എന്നത്. ഇത് വലിയ പ്രശ്നങ്ങൾ ഭാവിയിലേക്ക് കുട്ടികളിൽ ഉണ്ടാക്കും. ഇന്നത്ത തലമുറയിൽ അപകടകാരികളായ പല ഗെയിംമുകളിലും കുട്ടികൾ പെട്ടന്ന് അടിമപ്പെടുന്നു. ഫ്രീ ഫയർ, ബ്ലൂ വൈൽ, എന്നിങ്ങനെ ഉള്ള ഗെയിംമുകളിൽ കുട്ടികൾ കൂടുതൽ അടിമപ്പെടുകയും കൂടുതൽ സമയം അതിനായി മൊബൈൽ ഫോണിൽ നോക്കിയിരിക്കുകയും ചെയ്യുന്നു. ഈ ഗെയിംസ് ആത്മഹത്യ പ്രവണത വരെ കുട്ടികളിൽ ഉണ്ടാക്കുന്നു. ഇത് കുട്ടികളിൽ പലവിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇതുപോലുള്ള ഗെയിംസ് കളിക്കാൻ വേണ്ടി കുട്ടികൾ ഒരുപാട് പണം മുതിർന്നവർ അറിയാതെ ഉപയോഗിക്കുന്നു. പിന്നെ മൊബൈലിൽ സൈറ്റുകളിൽ കേറി ഒരുപാട് ചീത്ത ഫോട്ടോസും വിഡിയോസും കാണുന്നു. ഇത് കാരണം കുട്ടികളിൽ സ്ത്രീകളോടും

പെൺകുട്ടികളോടുമുള്ള അക്രമസക്തത കൂടി വരുന്നു. അതുകൊണ്ട്
കുട്ടികൾ എടുക്കുന്ന ഫോണിന്റെ സൈറ്റുകൾ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്.ഇന്നത്തെ കാലത്ത് മൊബൈൽ ഫോൺ വളരെ സൂക്ഷിക്കേണ്ട കാര്യമാണ്.



ഫോൺ ദോഷഫലങ്ങൾ
*മാനസിക സമ്മർദം
*കാഴ്ച്ചക്കുറവ്
*ഉറക്കക്കുറവ്
*വിഷാദരോഗം
*മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ.

മൊബൈൽ ഫോൺ നിയന്ത്രണം
മൊബൈൽ ഫോൺ ഉപയോഗം കുറക്കാൻ വേണ്ടി ഇഷ്ടവിനോദങ്ങളിൽ ഏർപ്പെടുക്കുക, പുസ്തക വായന ശീലമാക്കുക പാചകത്തിലേർപെടുക എന്നിവ ശീലമാക്കുന്നതിലൂടെ മൊബൈൽ ഫോൺ ഉപയോഗം കുറക്കാം...

ഇന്നത്തെ തലമുറയെ മയക്കുമരുന്നിന്റെയും ഫോണിന്റെയും ദുരുപയോഗത്തേക്കുറിച്ചും പറഞ്ഞു മനസിലാകേണ്ടത് വളരെ അത്യാവശ്യമാണ്. അത് മൂലം ഉണ്ടാകുന്ന സാമൂഹിക വിപത്തുകളെക്കുറിച്ചും അറിവ് കൊടുക്കുക. മയക്കുമരുന്ന് രഹിതമായ ഒരു നല്ല നാളെ ഭാവി തലമുറക്ക് ഉണ്ടാകട്ടെ എന്ന് നമ്മുക്ക് പ്രത്യാശിക്കാം.

ഗായത്രി എം എസ്
9 B



# ഒരു കുടയും കുഞ്ഞുപെങ്ങളും



-മുട്ടത്തുവർക്കി

മലയാള സാഹിത്യത്തിലെ ജനപ്രിയ നോവലിസ്റ്റ് മുട്ടത്തുവർക്കി മലയാള ബാലസാഹിത്യ രംഗത്തെ എക്കാലത്തെയും ഹൃദയസ്പർശിയായ നോവലാണ് അദ്ദേഹത്തിന്റെ ഒരു കുടയും കുഞ്ഞു പെങ്ങളും സഹോദര സ്നേഹത്തിന്റെ നൈർമല്യവും അനാഥ ത്തിന്റെ ദുഃഖദാരയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ എന്ന പോലെ മനോഹരമായി ആവിഷ്കരിച്ചിരിക്കുന്നു അച്ഛനും അമ്മയും മരിച്ചുപോയ സഹോദരങ്ങളായ ബേബിയുടെയും ലില്ലിയുടെയും കഥയാണിത്.

ഒരു മഴയുള്ള ദിവസം പൂമംഗലത്തെ ഗ്രേസി ലില്ലിയെ കുടയിൽ കേറ്റാത്തതിനാൽ  അവൾ നനഞ്ഞുകൊണ്ട് സ്കൂളിൽ ചെന്ന് കേറുന്നു അതിൽ വിഷമിച്ച് സഹോദരനായ ബേബി ഗ്രേസിയെ കല്ലെറിയുന്നു തുടർന്ന് പോലീസ് പിടിക്കും എന്ന് പേടിച്ച് ബേബി നാടുവിടുന്നു പിന്നീട് ചുമട് എടുത്തു ലില്ലിക്ക് ഒരു കുട വാങ്ങി കൊടുക്കാനുള്ള പണം സമ്പാദിക്കുന്നു  പക്ഷേ അത് നഷ്ടപ്പെടുന്നു അതിനിടയ്ക്ക് ലില്ലി ദുഷ്ടയായ പേരമ്മയുടെ ഉപദ്രവം സഹിക്കാൻ കഴിയാതെ വീട് വിടുന്നു വഴിയിൽവെച്ച് ധനികരും സഹായ മനസ്ഥിതിയും ഉള്ള ഡോക്ടർ ജോണിന്റെ കുടുംബം ലില്ലിയെ എറ്റെടുക്കുന്ന അവൾ ആ കുടുംബത്തിൽ  ജോണിന്റെ രണ്ടു മക്കളുടെ കൂടെ സന്തോഷത്തോടെ വളരുന്നു  പണ്ട് ബേബിക്ക് നഷ്ടപ്പെട്ട പേഴ്സ് തിരികെ കൊടുത്ത സൗദാമിനി ബേബിയെ അവളുടെ വീട്ടിലേക്ക് കൊണ്ടുവന്ന് താമസിപ്പിക്കുന്നു കൂടാതെ വിവാഹം കഴിയുമ്പോൾ അവനെയും കൂടെ കൊണ്ടുപോകുന്നു

ബേബിയും ലില്ലിയും ഒരേ നഗരത്തിൽ തന്നെ പരസ്പരം അറിയാതെ രണ്ട് വീടുകളിൽ വളരുന്നു ഡോക്ടർ ജോൺ നൽകിയ പത്രപരസ്യം വഴി ബേബിയും ലില്ലിയും കണ്ടുമുട്ടുന്നു നോവൽ അവസാനിക്കുമ്പോൾ വളർന്നുവലുതായി ഡോക്ടർ ആയിത്തീരുന്ന ബേബി പണ്ട് ലില്ലിക്ക് കുട നിഷേധിച്ച ഗ്രേസിയെ ചികിത്സിക്കുകയും  ഗ്രേസിയെ കൊണ്ട് ഒരു കുട ഫീസായി ലില്ലിക്ക് കൊടുപ്പിച്ചുകൊണ്ട് മധുരമായ ഒരു പകരം വീട്ടൽ നടത്തുന്നതോടെ കഥ അവസാനിക്കുന്നു

ദുഃഖത്തിൽ നിന്ന് സന്തോഷത്തിലേക്ക് മുന്നേറുന്നു അതിനോടൊപ്പം സ്നേഹ ബന്ധങ്ങളുടെ മഹത്വം വെളിപ്പെടുത്തുന്നതാണ് ഒരു കുടയും കുഞ്ഞുപെങ്ങളും എന്ന മുട്ടത്തി വർക്കിയുടെ മനോഹരമായ ഈ നോവൽ

Anna Carmel John
5 A

# Travel



Travelling is not an experience of sights
It is an experience of different lights
Which change the life of a person in different kinds
Travelling gives a lot of memories into our minds

Travels around world is the best experience ever
Travels around world is the best happiness ever
We can't describe travel with our words
But we can imagine travel with our heads




Don't travel with your hope
That make you interesting to scope
Something that make your eye
More beautiful it is a sites by

Travel didn't needs
The help of money leeds
Travel didn't stops
Or it didn't ends

Anitta Chacko
IX C

# PENCIL DRAWINGS







Ananya Babu
9 B

# സൗഹൃദം



തോരാതെ പെയ്യുന്ന മഴ പോലെ
തീരാത്ത മഞ്ഞുപോലെ
വീണയിലെ നാദം പോലെ
വിളക്കിലെ നാളം പോലെ
വാക്കുകൾക്കിടയിലെ അക്ഷരം
പോലെ
വിദ്യാലയമാകുന്ന പൂന്തോട്ടത്തിൽ
ഒത്തുകൂടി നാം
അറിയാതെ നാം അടുത്തു
അറിയാതെ നാം അറിഞ്ഞു
അകലുമ്പോൾ
അറിയുന്നു മനസ്സിലെ നൊമ്പരം
അണയാതിരിക്കട്ടെ ഈ സൗഹൃദം
പിരിയാതിരിക്കട്ടെ....



അക്ഷര കെ ഷിബു
9 B

# ശരിയായ തീരുമാനം



വളരെ ചെറിയ ഒരു ഗ്രാമമാണ് കുറുത്തിക്കടവ്. പച്ച പരവതാനി വിരിച്ച പുല്ലും കിളികളുടെ ശബ്ദവും ഇളം കാറ്റും ഈ ഗ്രാമത്തെ മനോഹരം ആക്കി. ഇതിന് ഇടയിലാണ് അപ്പുവിന്റെയും അമ്മുവിന്റെയും ചെറിയ വീട്. സാധാരണ അവധി കിട്ടിയാൽ ഇവർ മൈതാനത്ത് സുഹൃത്തുക്കളോടൊപ്പം കളിക്കാൻ പോവലാണ് പതിവ്.

അങ്ങനെ ഒരു ദിവസം ആയിരുന്നു അപ്പുറത്തെ ദാമു അമ്മാവൻ ദുബായിൽ നിന്നും വീട്ടിൽ എത്തിയത്. സാധാരണ അമ്മാവൻ വന്നാൽ ഒരു മഞ്ഞപ്പെട്ടിയിൽ നിറയെ കളിപ്പാട്ടങ്ങളും മിഠായിയും കൊണ്ടുവരുമായിരുന്നു. ഇന്ന് എന്തോ മഞ്ഞപ്പെട്ടിയും കണ്ടില്ല സാധനങ്ങളും കണ്ടില്ലാ.
അതിനാൽ പിറ്റേ ദിവസം അമ്മുവും അപ്പുവും ദാവു അമ്മാവനെ കാണാനായി വീട്ടിൽ നിന്നും ഇറങ്ങി. അപ്പോഴാണ് അമ്മ അവരോട് കാര്യം തിരക്കിയത്.

അപ്പു: അമ്മേ ഞങ്ങൾ ദാമു അമ്മാവന്റെ വീട്ടിൽ പോവുകയാണ്...

അമ്മു: അമ്മാവൻ നിറയെ കളിപ്പാട്ടവും മിഠായിയും കൊണ്ടു വന്നിട്ടുണ്ടാവും...

അമ്മ: എന്റെ മക്കളേ....

നമ്മൾ ഇനി കുറച്ചു ദിവസം പുറത്തിറങ്ങാൻ പാടില്ല..

അപ്പു: അതെന്താ?
അമ്മ: നമ്മുടെ ലോകത്ത് കൊറോണ എന്ന വൈറസ് പടന്നു
പിടിക്കുകയായയണ് അമ്മാവൻ ദുബായിൽ നിന്നും അല്ലേ വന്നത്.
അതുകൊണ്ട് അമ്മവന് കോവിഡ് - 19 എന്ന രോഗം ഉണ്ടോ എന്ന് ആർക്കറിയാം?.. ഡോക്ടർമാരൊക്കെ പരിശോധിച്ചതിനു ശേഷം അമ്മാവന് രോഗം ഇല്ല എന്ന്
പറയുമ്പോൾ നമുക്ക് എല്ലാവർക്കും കൂടി പോകാട്ടോ...

അപ്പു: അതെങ്ങനെയാ അമ്മേ പടരുന്നേ?

അമ്മു: എന്റ അപ്പു , നീ ആ വാർത്ത കണ്ടില്ലേ, ഇത്
മനുഷ്യരിൽ നിന്നും മനുഷ്യരിലേക്കും രോഗമുള്ള ആൾ
സ്പർശിക്കുന്ന വസ്തുക്കളിൽ നാം
സ്പർശിക്കുമ്പോഴും മറ്റും....

അപ്പു: ഓ അമ്മേ, ഞങ്ങൾ ഇപ്പോൾ ദാമു അമ്മാവന്റെ
വീട്ടിൽ പോകുന്നത് ശരി അല്ലല്ലേ .

അമ്മ: അതുതന്നെ. ഇപ്പോൾ മക്കൾ പോയി കളിച്ചോട്ടോ......

{അമ്മു : ശരി അമ്മേ .........
അപ്പു :}

**Sreelekshmi Shiju**
9 D

# അനുഭവക്കുറിപ്പ്



ഒരു ദിവസം ഞാൻ സ്കൂളിൽ പോകുവാൻ തുടങ്ങുകയായിരുന്നു. ഞങ്ങൾ നടന്ന് ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ എത്തി .ഞാൻ നോക്കുമ്പോൾ ഒരു വെള്ള പ്രാവ് നിലത്തിരിക്കുന്നു. ഞാൻ അതിൻറെ അടുത്തു ചെന്നു പക്ഷേ അത് പറന്നു പോയില്ല. അതിന്റെ ചിറകുകൾ ആരോ കണ്ടിച്ചു കളഞ്ഞു. ഞാൻ അതിനെ എടുത്ത് വീട്ടിൽ കൊണ്ടുവന്നു. പപ്പാ അതിനു നെല്ലും വെള്ളവും കൊടുത്തതിനു ശേഷം അതിനെ മുറ്റത്ത് ഇരുത്തി .അത് പറക്കുവാൻ ശ്രമിച്ചു പക്ഷേ പറക്കുവാൻ സാധിച്ചില്ല. ഞങ്ങൾ അതിനെ ഒരു കൂടിനുള്ളിലാക്കി സംരക്ഷിച്ചു. എന്നും തീറ്റയും വെള്ളവും കൊടുക്കാറുണ്ട്. ഇടയ്ക്കിടെ ഞങ്ങൾ തുറന്നുവിടും. അത് കുറേശ്ശെ പറക്കും. ഇപ്പോൾ പ്രാവ് സുഖമായിരിക്കുന്നു. ഞങ്ങൾക്ക് സന്തോഷമായി.

Biya John
V B

# പരിശ്രമിച്ചാൽ വിജയം ഉറപ്പ്



പാലാ സ്കൂളിൽ നാലാം ക്ലാസ്സിൽ ആണ് കുഞ്ചു പഠിക്കുന്നതിന്. പുതിയ കൂട്ടുകാരെയും ടീച്ചർമാരെയും കിട്ടിയ സന്തോഷത്തിലാണ് അവൻ .രാവിലെ 9 മണിക്ക് തന്നെ ക്ലാസ്സ് തുടങ്ങും .കുഞ്ചു പഠിക്കാൻ മടിയനാണ്. ഓണപ്പരീക്ഷ അടുത്തുവരുന്നു, അവന് ഒരു ചൂടും ഇല്ല ക്രിക്കറ്റ് ബാറ്റും ബോളും എടുത്ത് എപ്പോഴും കളി തന്നെ കളി. ഓണപ്പരീക്ഷ വന്നു കുഞ്ചു ഒരു കൂസലുമില്ലാതെ പരീക്ഷ എഴുതി. ഓണാവധി കഴിഞ്ഞ് സ്കൂളിലെത്തിയ അന്നുതന്നെ പരീക്ഷ പേപ്പർ കിട്ടി കുഞ്ചു എല്ലാത്തിനും തോറ്റു . കുഞ്ചുവിനെ എല്ലാവരും കളിയാക്കി. കുഞ്ചു പരീക്ഷ പേപ്പറും കൊണ്ട് വീട്ടിലെത്തി അച്ഛൻ ദേഷ്യത്തോടെ അവനെനോക്കി എല്ലാത്തിനും വട്ടപ്പൂജ്യം വാങ്ങിക്കാൻ ആണോ നിന്നെ സ്കൂളിലേക്ക് അയക്കുന്നത്.അവൻ എങ്ങി കരഞ്ഞു .അച്ഛനോട് പറഞ്ഞു നാളെ മുതൽ സ്കൂളിൽ പോകേണ്ട. പിറ്റേന്ന് രാവിലെ കുഞ്ചു നേരത്തെ എഴുന്നേറ്റു അച്ഛൻ ഉണ്ടായിരുന്നു അതിനു മുൻപ് അവൻ പുസ്തകങ്ങളൊക്കെ അടുക്കി വെച്ചു ഇനി അച്ഛനോട് ചോദിക്കണം അച്ഛൻ വരുമ്പോഴേക്കും കുളിക്കാം എന്ന് കരുതി കുഞ്ചു കുളിമുറിയിലേക്ക് കയറി കുഞ്ചു കുളി കഴിഞ്ഞ് ഇറങ്ങി വരുമ്പോഴേക്കും അച്ഛൻ പണിക്ക് പോയിരുന്നു ഇനി എന്ത് ചെയ്യും അച്ഛൻ താൻ പഠിക്കാത്തതിന് ഉള്ള വിഷമം കൊണ്ടാണ് അത്രയും പറഞ്ഞതെന്ന് കുഞ്ചുന് അറിയാം.

കുഞ്ചു അമ്മയുടെ അടുത്തു പോയി അനുവാദം ചോദിച്ചു അമ്മ അവന്റെ തലയിൽ സ്നേഹത്തോടെ തലോടിക്കൊണ്ട് പറഞ്ഞു നന്നായി പഠിക്കാൻ വേണ്ടിയാണ് അച്ഛൻ അത്രയും പറഞ്ഞത്. റെഡിയായി സ്കൂളിലേക്ക് പൊയ്ക്കോ എന്ന് അമ്മ പറഞ്ഞു. കുഞ്ചു എന്തോ തീരുമാനിച്ചുറപ്പിച്ചതു പോലെ സ്കൂളിലേക്ക് പുറപ്പെട്ടു അന്നുതൊട്ട് കുഞ്ചു എന്നും നേരത്തെ സ്കൂളിലെത്തും അന്നത്തെ പാഠങ്ങൾ അന്നുതന്നെ പഠിക്കും കുഞ്ചൂന് വന്ന മാറ്റം കണ്ട് അമ്മയും ഒന്ന് അമ്പരന്നു .ക്രിസ്മസ് പരീക്ഷ അടുത്തുവരികയാണ്, കുഞ്ചു രാവും പകലും എഴുത്തും വായനയും തന്നെ. കുഞ്ചു നന്നായി പഠിച്ച് പരീക്ഷയെഴുതി. ഓണപരീക്ഷ കഴിഞ്ഞപ്പോഴേ അവൻ ഒരു തീരുമാനം എടുത്തിരുന്നു അടുത്ത പരീക്ഷയ്ക്ക് എനിക്ക് ഫുൾ മാർക്ക് വാങ്ങണം എന്ന് അവൻ എല്ലാ വിഷയങ്ങളും മത്സരബുദ്ധിയോടെ പഠിച്ചു. പരീക്ഷയുടെ റിസൾട്ട് ഓരോന്നായി വരാൻ തുടങ്ങി എല്ലാത്തിലും കുഞ്ചു ഒന്നാമൻ. കുഞ്ചു വീട്ടിൽ കൊണ്ടുപോയി പേപ്പർ കാണിച്ചു അച്ഛന്റെ മുഖം സന്തോഷം കൊണ്ട് തുടുത്തു കൂട്ടുകാരെ. നിങ്ങൾ കുഞ്ചുവിനെ കണ്ടില്ലേ ഒരിക്കൽ പരീക്ഷയിൽ തോറ്റെന്നു കരുതി നമ്മൾ മാറി നിൽക്കാൻ പാടില്ല വീണ്ടും വീണ്ടും ശ്രമിക്കുക....

Amutha K
7 C

# വേദന



ഒന്നിച്ചു ജന്മമെടുത്ത
വർ ദാ ഇതാ!
ഒന്നിച്ചു തന്നെ
പിരിഞ്ഞു.
ഇന്നലെ ആ നയനങ്ങളിൽ
കണ്ടു ഞാൻ, തൻ
ഹൃദയത്തിൻ ഉള്ളിലെ
വേവലാധി.

മറ്റുള്ള പുഷ്പങ്ങൾ
നോക്കി ചിരിക്കുന്നു.
ഇവളുടെ സങ്കട
നീർച്ചാലു കണ്ട്
ഒരു കുട്ടി തന്റെ
കൈയിൽ ഒളിപ്പിച്ചു
തൊട്ടാൽ മുറിയുന്ന
കത്തി .....

ആ ചെടിയുടെ
മൊട്ടുകൾ വെട്ടി
വിളയാടുന്നിതാ
പൈതൽ ........

**Sreelekshmi Shiju**
9 D

# DRAWINGS





Ansa N.S
9 B

# തീരം തേടി



ഇന്ന് സൂര്യൻ അസ്തമിക്കുന്നത് കൂട്ടാക്കാതെ തന്നെ ചന്ദ്രൻ പതിവിലും നേരത്തെ എത്തി .പതിവിലും വിപരീതമായി എങ്ങും ഇരുട്ട് വ്യാപിച്ചു .വിജനമായ ആ പാതയിലൂടെ അവൾ ബസ്സ്റ്റോപ്പിലേക്ക്  നടന്നു  തന്നെ കാത്തുനിൽക്കുന്നു എന്നോണം ബസ് നിർത്തിയിട്ടിരിക്കുന്നതായി അവൾക്ക്  തോന്നി .ബസിൽ കയറി ജനാലക്കു അരികിലുള്ള ഇരിപ്പിടം അവൾ കരസ്ഥമാക്കി .ബസ് മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു. അവളുടെ ജീവിതം പിന്നോട്ടും.....

ഒരു ജൂൺ മാസം അമ്മയും മകളും മാത്രമായിരുന്നെങ്കിലും സന്തോഷവും സമാധാനവും കളിയാടിയിരുന്ന ഒരു കുടുംബം .ഇല്ലായ്മകൾക്കിടയിലാണെങ്കിലും തന്ടെ മകളെ ആദ്യമായി സ്കൂളിൽ ചേർക്കുന്നതിന്ടെ സന്തോഷം അമ്മയുടെ മുഖത്തുപ്രതിഫലിച്ചിരുന്നു .ടീച്ചർ ചോദിച്ചു :"മോൾടെ പേരെന്താണ് ?" അമ്മയുടെ സാരിത്തുമ്പിൽ പിടിച്ചു കിണുങ്ങിക്കൊണ്ട്അവൾ പറഞ്ഞു  :"ആണ് ".സ്കൂളിലും വീട്ടിലും മികച്ച കുട്ടിയായി അവൾ വളർന്നു . +2 മികച്ച മാർക്കോടെ പാസ്സായ അവളെ ഉപരിപഠനത്തിനായി അയക്കാൻ ആ  'അമ്മ പലരിലും നിര്ബന്ധിതയായി തങ്ങളുടെ സാമ്പത്തികസ്ഥിതി അതിനുതകുന്നതായിരുന്നില്ല എന്ന് അനുവിനും അറിയാമായിരുന്നു .അതുകൊണ്ട് തന്നെ അവൾ തന്ടെ ആഗ്രഹം ഉള്ളിലൊതുക്കി .എന്നാൽ മകളുടെ ആഗ്രഹം

മനസ്സിലാക്കിയ 'അമ്മ നല്ല ഒരു കോളേജിൽ തന്നെ അവളെ ചേർത്തു. അമ്മയെ പിരിയുന്നതായിരുന്നു അവളുടെ ഏറ്റവും വലിയ വിഷമം എന്നാൽ അതെല്ലാം അവൾ ഉള്ളിലൊതുക്കി .അവൾ ആ കോളേജിൽ ചേർന്ന് എല്ലാ ദിവസവും അവൾ അമ്മയെ വിളിച്ചു കാര്യങ്ങളെല്ലാം അന്വേഷിച്ചിരുന്നു .നല്ല രീതിയിൽ തന്നെ ഒരു കൊല്ലാതെ പഠനം അവൾ ഓർത്തിയാക്കി .എന്നാൽ അടുത്ത വർഷം അവളുടെ മുറിയിലേക്ക് ഒരു കുട്ടി കൂടെ വന്നു ."മീര". വളരെ സമ്പന്നമായ ഒരു കുടുംബമായിരുന്നു അവളുടേത് മീരയുടെ കയ്യിലിരുന്ന സ്മാർട്ഫോൺ അനുവിൽ കൗതുകമുണർത്തി .പിന്നെ അതുപോലൊരു ഫോൺ വേണമെന്നായി അവളുടെ ആഗ്രഹം .അവൾ ആ ആഗ്രഹം അമ്മയോട് പറയുകയും ചെയ്തു .എന്നാൽ അതിനുള്ള പാങ് അവർക്കില്ലാരുന്നു അമ്മയോട് മിണ്ടാതെയാണ് അനു അതിന് മറുപടി കൊടുത്തത് .എന്നാൽ അമ്മയ്ക്ക് അത് അസഹനീയമായിരുന്നു .കഷ്ടപ്പെട്ട് സ്വരുക്കൂട്ടിയ പണം ഉപയോഗിച്ച് ഫോണിന്റെ ദൂഷ്യവശത്തെ കുറിച്ച ഒന്നുമറിയാതെ അവർ അനുവിന് ഫോൺ വാങ്ങി നൽകി .അത് കിട്ടിയതോടെ അനുവിന്റെ സ്വഭാവം വല്ലാതെ മാറി പഠനത്തിനുള്ള ശ്രദ്ധ കുറഞ്ഞു ,ഭക്ഷണം വേണ്ടാതായി എന്തിന് ,സ്വന്തം അമ്മയെപോലും  അവൾ മറന്നു .മകൾ വിളിക്കാത്തതോടെ 'അമ്മ ആകെ തകർന്നു നാളുകൾ കഴിഞ്ഞു ...മീരയുടെ സ്വഭാവത്തിൽ എന്തോ മാറ്റം അനുവിന് അനുഭവപെട്ടു .ഒരു ദിവസം രാവിലെ എഴുന്നേറ്റ അനുവിനെ കാത്തിരുന്നത് ഒരു ഞെട്ടിക്കുന്ന വാർത്തയായിരുന്നു ,'മീര ആത്മഹത്യ ചെയ്തു' ഫോണിൻറെ ചതിക്കുഴിയിൽ അവൾ അകപ്പെട്ടു കഴിഞ്ഞിരുന്നു .ഈ വാർത്ത അനുവിലും സുബോധമുണ്ടാക്കി.അനു ആദ്യം ഓർമിച്ചത് അവളുടെ അമ്മയെയാണ് .

ബസ് ബ്രേക്ക് ഇട്ടപ്പോൾ ഞെട്ടി അവൾ തന്ടെ മയക്കത്തിൽ നിന്നുണർന്നു തൻറെ സ്റ്റോപ്പ് എത്തിയതായി അവൾ മനസ്സിലാക്കി .വീടിൻറെ  മുമ്പിൽ ഇറങ്ങിയ അവൾ ഒരു കൂട്ടം ആളുകളെയാണ് കാണുന്നത് .ആരൊക്കെയോ വന്നു എന്തോക്കെയോ പറഞ്ഞു എന്നാൽ അവളുടെ ശ്രദ്ധ

വീടിന്ടെ ഉള്ളിലായിരുന്നു വെള്ള വസ്ത്രത്തിൽ തണുത്തുറഞ്ഞു കിടക്കുന്ന അമ്മയെ അവൾ കണ്ടു. ഒരുആട് നാളുകൾക്കുശേഷം അവസാനമായി...കുറ്റബോധംകൊണ്ട് ഒന്ന് കരയാൻ പോലും അവളെക്കൊണ്ട് കഴിഞ്ഞില്ല .അമ്മയുടെ കര്മങ്ങളെല്ലാം കഴിഞ്ഞു .അവൾ ആ വീട്ടിൽനിന്നുമിറങ്ങി .നൂൽ പൊട്ടിയ പറ്റാതെപോലെ എങ്ങോട്ടെന്നില്ലാതെ നടന്നു .....ഒരു അഭയതീരം തേടി ......

ഇന്ററർനെറ്റിന്റെയും മൊബൈൽ ഫോണുകളുടെയും വിശാലമായ ഒരു ലോകമാണ് നമ്മുക്ക് മുമ്പിൽ തുറന്നുകിടക്കുന്നത് .ആ ലോകത് വ്യാപാരിക്കുമ്പോൾ നാം ഓർമിക്കണം ,സ്വന്തം മകനെയും മകളെയും അവസാനമായി ഒരു നോക്കുപോലും കാണാതെ കണ്ണടയ്ക്കാൻ ഒരു മാതാപിതാക്കൾക്ക് പോലും ഇടവരാതിരിക്കട്ടെ .....

Adonia M John
10

# നിറത്തിന്കൾ



ഒരു നിലാവിൻ നിറത്തിന്കൾ
എന്നും രാത്രിയിൽ നോക്കി നിൽക്കും ഞാൻ
എന്തൊരു അഴകാണ് നിലാവിന്
എന്തൊരു ഭംഗിയാണ് ആ നിലാവിന്
എന്തൊരു ഭംഗിയാണ്  ആ നിലാവിൽ തിളങ്ങുന്ന
നക്ഷത്രതെ കാണാൻ
എന്തൊരു ഭംഗിയാണ് എൻ ചന്ദ്രൻ
എൻ മുകളിൽ ചിരി തൂകി നിൽക്കുന്നത്
കാണുവാൻ
ഈ ഭൂമിയിൽ ഇതുപോലെ ഭംഗിയുള്ള
മറ്റൊന്നുമില്ല




Angel Mariya Satheesh
5A

# DRAWINGS







Elsona Johns
10 B

# കമലയുടെ ഗ്രാമം



കമല നല്ല ഒരു കുട്ടി ആണ്. അവൾ അവളുടെ ഗ്രാമതെ വളരെയധികം സ്നേഹിചിരുനു. ഒരു ദിവസം അവൾ അവളുടെ വീട്ടിൽ കളിക്കുകായിരുനു .
അപ്പോൾ അവിടെ രണ്ടു അളുകൾ വന്നു . അവർ എന്തെക്കെയോ കമലയുടെ അച്ഛനോട് പറഞ്ഞു . അവൾ അത് അച്ഛനോട് ചോദിച്ചു. എന്താ അവർ പറഞ്ഞതെന്ന്. അപ്പോൾ അച്ഛൻ പറഞ്ഞു അവർ നമ്മുടെ വീടിന്റെ പുറകിലെ വയൽ മേടിചവരാ . അപ്പോൾ കമല ചോദിച്ചു അച്ഛാ അവർക്ക് എന്തിനാണ് ആ വയൽ . അപ്പോൾ അച്ഛൻ പറഞ്ഞതാണ് അവൾക്ക് ഒട്ടും സഹിക്കാൻ കഴിയാത്തത് . അവർക്ക് ആ വയൽ നിരത്തി അവിടെ പുതിയ ഒരു ബിൽഡിംഗ് പണിയാൻ ആണ്.



കമല വളരെയധികം പ്രക്രതിയെ സ്നേഹിക്കുന്ന കുട്ടിയാണ് അതുകൊണ്ട് അവർ അവിടെ ബിൽഡിംഗ് പണിയുന്നത് അവൾക്ക് സഹിക്കാൻ കഴിഞ്ഞില്ല. അന്ന് അവൾ ഒരു തിരുമാനം എടുത്തു അവൾ ഒരിക്കലും ആ വയൽ നിരത്താൻ സമ്മതികില്ലന്നു. അടുത്ത ദിവസം അവൾ ആ വയലിലോട് പോയി. അവൾ അവിടെ ചെന്നസമയം ആ വയൽ മേടിചവർ അവിടെ ഉണ്ടായിരുന്നു . അവൾ അവരോട് പറഞ്ഞു നിങ്ങൾ ഇവിടെ ബിൽഡിംഗ് പണിയരുതെന്നു . പക്ഷെ അവർ അവളുടെ വാക്കു അനുസരിചില്ല . അവൾക്ക്

വളരെയധികം വിഷമം തോന്നി. പക്ഷേ അവൾ അവളുടെ ലക്ഷ്യം കളഞ്ഞില്ല . അവളുടെ ഗ്രാമത്തിലെ ആർക്കും ആ ബിൽഡിംഗ് പണിയുന്നത് ഇഷ്ടമല്ലയിരുന്നു . അപ്പോൾ അവരും കമലയുടെ കൂടെ കൂടി  അടുതദിവസം അവർ എല്ലാരും കൂടി വയലില്ല് പോയി .  എന്നിട്ട് അവർ എല്ലരും കൂടി അവരോട്  ആ വയൽ നിർത്തിയാൽ ഉള്ള അപകടങ്ങൾ പറഞ്ഞു കൊടുത്തു. ആദ്യം അവർ സമ്മതിചില്ല പക്ഷെ കുറച്ചു കഴിഞ്ഞപ്പോൾ അവർ തീരുമാനിച്ചു  അവിടെ ബിൽഡിംഗ് പണിയുനില്ലന്ന്. അവർ ആ സ്ഥലം നാടിനു തന്നെ കൊടുത്തു  എന്നിട്ട് അവർ തിരിച്ചു മടങ്ങി.അതോടെ കമലയുടെ ലക്ഷ്യം അവൾ നേടിയെടുത്തു.ആ ഗ്രാമത്തിലെ എല്ലാരും കമലയോട് നന്ദി പറഞ്ഞു. കമലക്ക്  വളരെ സന്തോഷം ആയി.

Angel Mariya Satheesh
5A


MIND BUZZ
ST.MARY'S GHS KURAVILANGAD
little KITEs


THANK YOU